ഗവ. വി. & എച്ച്. എസ്സ്. എസ്സ്. വെള്ളനാട്

# നവ്യചലനം

# സന്ദേശം

പ്രതീക്ഷയുടെ പ്രതീകമാണ് 'നവ്യചലനം' എന്ന ഇ-മാഗസിൻ. കുട്ടികളുടെ മനസ്സിലെ നന്മകൾ, അനുഭവങ്ങൾ, സർഗ്ഗശേഷികൾ; കഥയിലൂടെ കവിതയിലൂടെ അനുഭവങ്ങളിലൂടെ ഈ പതിപ്പിന് നിറം ചാർത്തിയിരിക്കുന്നു. സർഗസൃഷ്ടികളുടെ ചുവടുവയ്പ്പിലൂടെ സാഹിത്യ ലോകത്തിലേക്ക് സഞ്ചരിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും ഹൃദയം നിറഞ്ഞ ആശംസകൾ.

**മിനി എം.എൽ.**

(ഹെഡ്മിസ്ട്രസ്)

# സന്ദേശം

ലിറ്റിൽ കൈറ്റ്സ് 'നവ്യചലനം' എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം. എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**വി.എസ്.ശോഭൻകുമാർ**

(പി. റ്റി. എ. പ്രസിഡന്റ്)

# സന്ദേശം

പുതിയ കാലത്തിന്റെ ഹൃദയതാളമാണ് സാങ്കേതിക വിദ്യ. പഴയകാലത്തിന്റെ ആവേശം എഴുത്തുവിദ്യയും. ആധുനികതയും പൗരാണികതയും സമഞ്ജസമായി സമ്മേളിക്കുന്നത് പൂർണതയിലേക്കുള്ള യാത്രയെ ത്വരിതപ്പെടുത്തുന്നതോടൊപ്പം ആവേശോജ്ജ്വലവും ആക്കുന്നു. ആ സമ്മേളനമാണ് എന്റെ പ്രിയപ്പെട്ട വെള്ളനാട് ഹൈസ്കൂളിലെ മിടുമിടുക്കരായ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ ഡിജിറ്റൽ മാഗസിനിൽ കാണുന്നത്.

സ്നേഹത്തോടെ അതിലേറെ അഭിമാനത്തോടെ ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും.


**ശ്രീജ ദേവി എ**

(മാസ്റ്റർട്രെയിനർ

കൈറ്റ് ,തിരുവനന്തപുരം)

# സന്ദേശം

വിദ്യാഭ്യാസരംഗം ഹൈടെക് ആയി മാറിയ ഈ അവസരത്തിൽ, പഴയ കൈയെഴുത്തു മാസികകൾക്കും പുതിയ രൂപം കൈവരുകയാണ്. കൊച്ചു കുട്ടുകാരുടെ സർഗസൃഷ്ടികൾക്കു ഡിജിറ്റൽ രൂപം നൽകി പുറത്തിറക്കുന്ന 'നവ്യചലനം 'എന്ന ഈ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.




**ലക്ഷ്മി ബാലകൃഷ്ണൻ**

(ലിറ്റിൽ കൈറ്റ് മിസ്ട്രസ് )

# ഉള്ളടക്കം

പേജ്


ആമുഖം...................................................................................... 8
മഴവില്ല്...................................................................................... 11
തിരക്ക്...................................................................................... 12
കാഴ്ച സ്വപ്നമാകുമ്പോൾ...................................................................................... 13
വിഷുപുലരി...................................................................................... 15
സൗഹൃദത്തിന്റെ അർത്ഥഭേദങ്ങൾ...................................................................................... 16
യാത്രാമൊഴി...................................................................................... 18
ഇലഞ്ഞിപ്പൂക്കൾ...................................................................................... 19
നദികൾ മരിക്കുന്നു...................................................................................... 20
ഒരു പനിനീർപ്പൂവിലൂടെ...................................................................................... 21
കുട്ടിക്കാലം...................................................................................... 22
ഗുരു ആര് ?...................................................................................... 23
ഇതളുതിരുന്ന മലരുകൾ...................................................................................... 24
പെൻസിൽ ഉണ്ടായ കഥ...................................................................................... 27
ടീച്ചർ വരുന്നുണ്ടെടാ ഓടിക്കോ...................................................................................... 29
പരീക്ഷാദിനം...................................................................................... 30
നഷ്ടം...................................................................................... 32
സ്റ്റീഫൻ ഹോക്കിങ്...................................................................................... 35
ചന്തയിലെ ധാന്യമണികൾ...................................................................................... 36
പ്രകാശശാസ്ത്രത്തിലെ പ്രതിഭകൾ...................................................................................... 37
പട്ടം വീണേ !...................................................................................... 40
സംഘടനകളും ലോഗോകളും...................................................................................... 41
മനസ്സിന്റെ മുറിവ്...................................................................................... 44

കാലം........................................................................................ 46
ആകാശയാത്ര ............................................................................... 47
തുലാവർഷം.................................................................................... 48
വെള്ളം കുടിക്കാം.......................................................................... 48
വായനയുടെ മാധുര്യം.................................................................... 49
തീർത്ഥയാത്ര ................................................................................. 50
വായനശാലയുടെ പ്രസക്തി.............................................................. 51
മഴ................................................................................................ 53
വസരസ്വപ്നമായി........................................................................... 54
വായനയെങ്ങനെ ???...................................................................... 55
നൂതനതലമുറയിൽ വായനയുടെ പ്രസക്തി........................................ 56
എന്റെ വിദ്യാലയം.......................................................................... 57
ഗ്രന്ഥാലയം മഹർഷി...................................................................... 58
അമ്മയുടെ മടിത്തട്ടിൽ.................................................................... 59
പഴഞ്ചൊല്ലുകൾ............................................................................... 60
മുതിയടയുന്ന ഭൂമി......................................................................... 61
വിദ്യാലയമേ....പ്രണാമം.................................................................. 62

# ആമുഖം

ജനിമൃതികളുടെ പുല്ലാങ്കുഴൽ വീചികൾ ഋതുഭേദങ്ങളുടെ കാൽചിലമ്പുകൾ സൃഷ്ടിസ്ഥിതിലയതാളങ്ങൾ - എല്ലാം എല്ലാം അനിർവചനീയ പ്രകൃതിചൈതന്യത്തിന്റെ കുസൃതികൾ....

ഒക്കെയും അറിഞ്ഞും അറിയിച്ചും ചുള്ളിക്കമ്പുകൾകോർത്ത് പൊത്തുകൾമെടഞ്ഞും കൊഴിഞ്ഞഇലകൾ പെറുക്കി മറതീർത്തും പുൽക്കൊടിപ്പീലികൾ മീതേവിതാനിച്ചും വംശസ്മൃതികളുടെ കൂടാരം മെനഞ്ഞ് ആനന്ദത്തോടെ പ്രകൃതിയുടെ പ്രതിസ്പന്ദമായി വളർന്നുവന്ന മനുഷ്യൻ......

ഏകാന്തതയുടെ ഉൾപ്രേരണകൾ അവന്റെ പാദങ്ങളെ തുള്ളിക്കുകയും സ്വനതന്തുക്കളിൽ മൃദുരവം മീട്ടി ഗാനമുണർത്തുകയും ചെയ്തു. ആവിഷ്കാരത്തിന്റെ ആദിരൂപമാണിത്.

പാറപ്പൊത്തുകളിൽ മനുഷ്യൻ പെരുമാറിയ കൈത്തഴക്കങ്ങൾ ചിത്രരൂപങ്ങളായി ഇന്നും നിലനിൽക്കുന്നു. ആശയവിനിമയത്തിന്റെ ഉപാധിയായിരുന്ന ആ ചിത്രലേഖങ്ങൾ പില്കാലത്ത് അക്ഷരലിപികളായി പരിണമിച്ചു.

ആയോയുഗത്തിൻ നാരായക്കൂർമുനകളാൽ അക്ഷരങ്ങൾ ഭൂർജപത്രങ്ങളിലും പനയോലളിലും സുന്ദരരൂപങ്ങളായ് വാർന്നുവീണു. പക്ഷേ,അവ ഒരു ന്യൂനപപക്ഷത്തിന്റെ ഇടയിൽ മാത്രമേ പ്രചരിച്ചിരുന്നുള്ളൂ. ഈ കുറവുനികത്തുവാൻ അച്ചടിയന്ത്രത്തിനു കഴിഞ്ഞു. മനുഷ്യന്റെ സാങ്കേതികജ്ഞാനം പൂർണ്ണതയിലെത്തിച്ച അച്ചടിയന്ത്രം വിജ്ഞാനവിസ്ഫോടനത്തിലൂടെ ദൂരങ്ങളെയും അതിർത്തികളെയും അതിവേഗം കീഴടക്കുകയുണ്ടായി.

പ്രസാധകൻ, പത്രാധിപർ തുടങ്ങിയ വൈതരണികളിലൂടെ മാത്രമേ അച്ചടിയാവിഷ്കാരം സാധ്യമാകൂ എന്നത് വലിയ പരിമിതിയാണ്. ഇതിനെ ഉല്ലംഘിക്കുവാൻ ഡിജിറ്റൽ മാധ്യമത്തിനു സാധിച്ചിരുന്നു. അവനവന് പ്രസാധകനാകുവാൻ കഴിയുന്നു എന്നതാണ് സാങ്കേതികത്തികവ് കൈവന്ന ഡിജിറ്റൽ സമ്പ്രദായത്തിന്റെ മേന്മ..

ഇന്നു, ഏറെ പ്രചാരമുള്ള വാക്കുകളാണ് 'ഇ-ലേണിംഗ്', 'ഇ-രചനകൾ' എന്നിവ. കടലാസുകളെയും അച്ചടിയെയും ഒഴിവാക്കി ഇന്റർനെറ്റിലൂടെ നമ്മുടെ ആവിഷ്കാരങ്ങളെ ലോകം മുഴുവനെത്തിക്കുന്നതിനും ലോകത്തെവിടെയുമുള്ള നവ്യചലനങ്ങളെ നമ്മുടെ മുന്നിൽ പ്രദർശിപ്പിക്കുന്നതിനും 'ഡിജിറ്റൽ ' രീതിക്ക് കഴിയുന്നു.

കാലം പുതുവഴികളിലൂടെ മുന്നേറുമ്പോൾ അതിനനുസരിച്ച് നമ്മളും ചുവടുവക്കണം എന്നുള്ളതാണ് ഉചിതകർത്തവ്യം. അതിന്റെ ആദ്യപടിയെന്നനിലയിൽ

ഒരു 'ഇ – മാഗസിൻ' ഞങ്ങൾ പ്രസാധനം ചെയ്യുകയാണ്. കുട്ടികളുടെ 'സഹിതഭാവങ്ങൾ ' വിടർത്തിയെടുക്കാനും ലോകത്തെങ്ങുമുള്ള സമാനഹൃദയരെ തൊട്ടുണർത്തുവാനും ഞങ്ങളുടെ ഓർമ്മപ്പുസ്തകത്തിനു സാധിക്കട്ടെ.

# മഴവില്ല്

വർണക്കൊടി ചാർത്തിയ
നിറ, കസവണിഞ്ഞ നീലാകാശമേ.......

തിളക്കമേറിയ പൊൻകസവാൽ
തിളങ്ങുന്ന നിൻമുഖകാന്തിതൻ
വർണവിസ്മയം ആവോളം ആസ്വദിച്ചിടട്ടെ ഞങ്ങൾ

ആകാശകൺപീലിപോൽ കണ്ണുചിമ്മുന്നവളേ......
മായുന്ന വർണ വിസ്മയമേ.......
മായാതിരിക്കാൻ ഞാനെന്തു നൽകണം
സപ്തവർണങ്ങളിലെ സൗന്ദര്യവിസ്മയമേ.........

അരുണ ആന്റണി യു. (10 C)

# തിരക്ക്

തിരക്കാർന്ന റോഡിലൊരു പ്രാണൻ
രക്തത്താൽ പിടഞ്ഞുരുളുന്നു.
ആയിരം കണ്ണുകൾ ഉറ്റുനോക്കുന്നുണ്ടെങ്കിലും
ഒരു കണ്ണുപോലും കൈത്താങ്ങാകുന്നില്ല....

പായുന്ന വാഹനങ്ങൾ....
തുമ്പിപോലെ പറക്കുന്ന മനുഷ്യർ
അതിനിടയിൽ പിടയുന്ന പ്രാണൻ
കനിയാത്ത കണ്ണുകൾ....
ഒരു കണ്ണുപോലും കനിയുന്നില്ല
തിരക്കാർന്ന ലോകത്തിൽ

കാക്കയും കഴുകനും തെരുവു പട്ടികളും
കൂട്ടിനു കറുത്തപുകയും യന്ത്രങ്ങരക്കങ്ങളും
വാവിട്ടു കരയും വീട്ടിൽ നിൻ സഖി നാളെ
കൂട്ടില്ലാതൊറ്റയ്ക്കു കേണുവീഴും.....

പ്രാണനെക്കാൾ വലുതത്രേ
ജീവിതനാൾവഴി തിരക്കുകൾ
കാറ്റുപോലുള്ളൊരീ ലോകവേഗത്തിൽ

അരുണിമ.എ.ആർ (10 C)

## കാഴ്ച സ്വപ്നമാകുമ്പോൾ

തീവണ്ടിയുടെ അഗാധമായ ശബ്ദത്തിലും കാഴ്ചകൾ കാണാൻ വളരെ രസകരമായിരുന്നു. അമ്മുവിന് മനസ്സിന്റെ ദുഃഖം പതിയെ പതിയെ കാഴ്ചകളിൽ മുങ്ങുന്നതായി തോന്നി.

തിരക്ക് പിടിച്ച ജീവിതമാണ് അച്ഛന്റെയും അമ്മയുടേയും. അമ്മുവിനേയും മുത്തശ്ശിയേയും ശ്രദ്ധിക്കാൻ ഇതിനിടയിൽ സമയമില്ല. അമ്മു ഉണരുന്നതിനു മുൻപ് തന്നെ അമ്മയും അച്ഛനും ജോലിക്ക് പോകും. അമ്മു ഉറങ്ങിയതിനു ശേഷം മാത്രമേ അവർ തിരിച്ചെത്തുകയുള്ളു. അമ്മുവുമായി അച്ഛനും അമ്മയും സംസാരിക്കുന്നത് അവധി ദിവസങ്ങളിൽ മാത്രമാണ് .

മുത്തശ്ശിയെ അമ്മുവിന് ജീവനാണ്. കഥകളും പാട്ടുകളും നിറഞ്ഞ മുത്തശ്ശിയുടെ വാക്കുകൾ എന്നും അവളിൽ ഒരാവേശമായിരുന്നു. സ്കൂൾ അടച്ചിട്ടും വീട്ടുകാർക്ക് അവധി ഇല്ലല്ലോ. വീട്ടിൽ പൂട്ടിയിട്ടിരിക്കുമ്പോഴും മുത്തശ്ശിയാണ് അവളുടെ ആശ്വാസം. "കാഞ്ചനക്കൂട്ടിലാണ് കിളിയെങ്കിലും ബന്ധനം ബന്ധനം തന്നെയല്ലെ". അവധി കാലത്ത് അവൾ ഏറെ ആഗ്രഹിച്ചതാണ് വിനോദയാത്ര.

ഇന്ന് നേരം പുലരുന്നത് വരെ അമ്മു വളരെ സന്തോഷത്തിലായിരുന്നു. കുളിച്ചൊരുങ്ങി പട്ടുടുപ്പുമിട്ട് മുത്തശ്ശിയുടെ അരികിൽ കാര്യം പറഞ്ഞിരുന്നുള്ള യാത്ര.

പപ്പയും മമ്മയും ആവശ്യമായ വസ്തുക്കളൊക്കെ എടുത്ത് ഇറങ്ങിനിന്നതും അമ്മു മുത്തശ്ശിയുടെ കൈപിടിച്ചിറങ്ങി. മുത്തശ്ശിയെ കണ്ടതും പപ്പയും മമ്മയും ഭാവം മാറ്റി. മുത്തശ്ശിയെ ഒരുപാട് ശകാരിച്ചു. "നാണമില്ലെ നിങ്ങൾക്ക് കൊച്ചുകുഞ്ഞിന്റെ കറങ്ങാൻ. വീട്ടിനകത്ത് അടങ്ങിയിരുന്നൂടെ ഈ വയസ്സ് കാലത്ത് " -പപ്പയുടെ ശബ്ദമുയർന്നു. വിഷമമൊന്നും പുറത്ത് പുറത്ത് കാട്ടാതെ മുത്തശ്ശി അമ്മുവിന് പൊന്നുമ്മയും നൽകി അകത്തേക്ക് പോയി. അമ്മുവിന് കണ്ണുനീർ അടക്കുവാൻ കഴിഞ്ഞില്ല. അവൾക്ക് വലിയ വലിയ കാഴ്ചകൾ പോലും കണ്ണീരിന്റെ നനവുള്ളതായി തോന്നി.

കൃഷ്ണപ്രിയ (9G)

# വിഷുപുലരി

വിഷുമാസപുലരിതൻ മിഴിതുറന്നു,
പുലർവേളതൻ തിരുമുറ്റം അലങ്കരിക്കാൻ.
കണിക്കൊന്നപ്പൂക്കൾ ഉലഞ്ഞാടീടുന്നു,
ഇളങ്കാറ്റിൻ സുഗന്ധം തഴുകീടുമ്പോൾ.

ഉദയരശ്മിതൻ പുളിനത്തിൽ,
ഇളംതെന്നൽ തഴുകീടും
പൂക്കൾതൻ ശോഭയിൽ,
പൊൻപവിഴമണികൾതൻ
മഞ്ഞമന്താരമായുലഞ്ഞീടുന്നു.

സായംസന്ധ്യതൻ മിഴിയിൽ-
ച്ചാലിച്ച വർണ്ണരശ്മികൾ,
പൊൻപ്പൂങ്കുലയിൽ ഏഴ്
വർണ്ണങ്ങൾ രചിക്കുന്നു,
വർണ്ണരശ്മികൾ മായുന്ന വേളയിൽ,
പൂങ്കുലകൾതൻശോഭ ,കാർമുകിൽ
മാലയായി മാഞ്ഞീടുന്നു.

അളകനന്ദ.ജി എസ് (9 I)

# സൗഹൃദത്തിന്റെ അർത്ഥഭേദങ്ങൾ

ജീവിതം ഉത്തരമില്ലാത്തൊരു ചോദ്യചിഹ്നമാണ്. വിടർന്ന പുഷ്പം കൊഴിഞ്ഞു പോകുന്നതുപോലെ നമ്മുടെ ജീവിതവും ഒരു ദിവസം മറഞ്ഞുപോകും.വർണ്ണശബളമായ വസന്തത്തെ പ്രകൃതി കാത്തിരിക്കുന്നതുപോലെ ഏതോ അജ്ഞാതവസന്തത്തെ സ്വപ്നം കണ്ട് മാനവസമൂഹം ആയുഷ്കാലം നടന്നു തീർക്കുന്നു. ഈ ജീവിത യാത്രയിലെവിടെയോ മർത്ത്യ സഹചാരിയായി വേദനകളിൽ ആശ്വാസത്തിന്റെ കുളിർക്കാറ്റായി ഇല്ലായ്മകളിൽ കൈത്താങ്ങാ-യവർക്ക് ഏതോ ഭാഗ്യനിമിഷത്തിൽ കണ്ടുമുട്ടുകയും കാലഗതിയിൽ വേർപിരിയേണ്ടി വരുകയും ചെയ്യുന്ന ഒരു മൂലബന്ധനം, അതല്ലേ സൗഹൃദം!

ഒരു വ്യക്തിയുടെ ജീവിതത്തിൽ സൗഹൃദത്തിന് ഏറെ സ്വാധീനമുണ്ട്.ജീവിതത്തിന്റെ നൂലാമാലകൾ പൊട്ടിച്ചെറിഞ്ഞ് തിന്മയിലൂടെ സഞ്ചരിക്കുമ്പോഴും നന്മനിറഞ്ഞവ കണ്ടെത്തുന്നവരെയും സൗഹൃദങ്ങളിലൂടെ ജീവിതത്തിലേയ്ക്ക് തിരിച്ചുവന്ന ഒട്ടനേകം വ്യക്തികൾ ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട്. പക്ഷേ ഏകാന്തതയെ മാത്രം മിത്രമായി കൊണ്ടു നടക്കുന്ന ചിലരുണ്ട് . ഇത്തരക്കാർക്ക് നല്ല സൗഹൃദത്തിനെക്കുറിച്ച് ചിന്തിക്കാൻ കൂടി അറിയില്ല. ഇവിടെ സമൂഹം ഒറ്റപ്പെടുത്തലിലൂടെ വേട്ടയാടി കൊണ്ടിരിക്കുന്നു .

മതം , സമ്പത്ത് , പ്രായം തുടങ്ങിയവയെല്ലാം സൗഹൃദത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.വിവിധ മതങ്ങൾ തമ്മിലുള്ള സൗഹൃദം ,സ്ത്രീയും പുരുഷനും തമ്മിലുള്ള സൗഹൃദം , തുടങ്ങിയവയുള്ള സാമൂഹിക ചട്ടക്കൂടുകൾ നമുക്ക് കാണാവുന്നതാണ് . എന്നാൽ ഇത്തരം ചട്ടക്കൂടുകളെ അതിജീവിച്ച് സൗഹൃദത്തിലേർപ്പെടാൻ

വിദ്യാർത്ഥികളടക്കമുള്ള കൗമാരപ്രായക്കാരും യുവതീയുവാക്കളും എല്ലാം താത് പര്യപ്പെടുന്നുണ്ടെന്നതാണ് സത്യം .കമ്പ്യൂട്ടറിന്റെയും ഇലക്ട്രോണിക് മാധ്യമങ്ങളുടെയുംമൊബൈൽ ഫോണിന്റെയും അകമ്പടിയോടെ സുഹൃത് ബന്ധങ്ങൾക്ക് പുതിയ മാനം കണ്ടെത്തുന്നവരെയും ഇന്ന് നമുക്ക് കാണാം .

ഇനിയും വിവരിക്കാനാവാത്ത ഒരുപാട് സുഹൃത് ബന്ധങ്ങൾ നമുക്കിടയിലുണ്ട്.നശ്വരമായ ഈ ലോകത്ത് അനശ്വരമായ ഒന്നേയുള്ളൂ - അതാണ് "സൗഹൃദം!" പക്ഷേ കലാലയ ജീവിതത്തിനുശേഷം അല്ലെങ്കിൽ വിദ്യാഭ്യാസ കാലഘട്ടത്തിനുശേഷം ഭൂരിഭാഗം സൗഹൃദങ്ങളും ഇന്ന് അപ്രത്യക്ഷമാകുന്നു. സ്വന്തം ജീവിതം കെട്ടിപ്പെടുക്കുന്നതിനുള്ള തത്രപ്പാടിൽ പലർക്കും പഴയ സൗഹൃദങ്ങളെ ഓർക്കാൻ സമയം കിട്ടുന്നില്ല.ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ അതിജീവിക്കേണ്ടി വരുന്ന പ്രതിസന്ധികൾ അവനെ മറ്റൊരു മനുഷ്യനാക്കുന്നു.ലക്ഷ്യത്തിലെത്തുമ്പോൾ തിരക്കുകൾ കഴിഞ്ഞ് മനസ്സ് ശാന്തമാകുന്നു. ആ നിമിഷത്തിൽ ഓർമകൾ പിന്നിലേയ്ക്ക് സഞ്ചരിക്കുകയാണെങ്കിൽ പഴയ സൗഹൃദത്തിന്റെ മധുരവും കയ്പ്പും നിറഞ്ഞ അനുഭവങ്ങൾ മനസ്സിലേയ്ക്ക് കടന്നുവരാം .പക്ഷേ കാലത്തിന്റെ ഗതി ശീഘ്രമായതിനാൽ മധുരിക്കുന്ന ഇന്നലെകളിലെ സൗഹൃദത്തെ ഓർമ്മിക്കാൻ മാത്രമേ കഴിയൂ !

ഇന്നലെയെന്നത് ഇന്നൊരോർമ്മയും നാളെ എന്നത് മനോഹര സ്വപ്നവുമാണ്. നാളെയെന്ന മോഹിപ്പിക്കുന്ന സ്വപ്നം എല്ലാവരെയും ആകർഷിക്കുമ്പോൾ കഴിഞ്ഞുപോയ ഇന്നലെകളിലെ സൗഹൃദത്തെക്കുറിച്ചോർക്കാൻ ആർക്കാണ് സമയം ?എന്തായാലും നാം ഒരു കാര്യം മനസ്സിലാക്കുക മറ്റേത് ബന്ധങ്ങളെക്കാളും പാവനമായ ഒന്നാണ് സൗഹൃദം . ആ അരുമ ഭാവം എന്നും മനസ്സിൽ നിറയ്ക്കുന്ന നിറം "തൂവെള്ളയായിരിക്കും!"

സരിത . സി ദാസ് (9 I)

# യാത്രാമൊഴി

അന്ത്യമില്ലാതെ ഒഴുകുന്നെൻ ജീവിതം
അതിരുകളില്ലാത്ത കടലുപോലെ
കൂട്ടിക്കുറച്ചും ഗുണിച്ചും കളഞ്ഞൊരു
അതിരുകളില്ലാത്ത വിദ്യപോലെ
അഖിലവും വിട്ടു ഞാൻ യാതാമൊഴിയുമ്പോൾ
പുഷ്പങ്ങൾ  പെയ്യുമെൻ വരവീണയിൽ
സമസ്ത നേതങ്ങൾ  വിങ്ങുന്നതും ഞാൻ
യാത്രാമൊഴിഞ്ഞപ്പോൾ  കണ്ടു നിന്നു
നിറയെ തിരസ്കാരമേറ്റു തളർന്നു ഞാൻ
അന്ത്യാഭിലാഷത്തിലായ് മടങ്ങി
കത്തും തീക്കനലെന്നെ അമർന്നപ്പോൾ
വിങ്ങുന്ന ഹൃദയങ്ങൾ  ഞാനറിഞ്ഞു
ഇനിയും പിറക്കാതെ പോകട്ടെൻ ഓർമകൾ
നിൻ ഹൃദയങ്ങളിൽ തോരാതെയായ്.

മിലൻ സുരേഷ് (9D)

# ഇലഞ്ഞിപ്പൂക്കൾ

ശ്രീ പള്ളിക്കൽ ദേവരാജന്റെ ഇലഞ്ഞിപ്പൂക്കൾ എന്ന ബാലനോവലിലെ 3-ാം അദ്ധ്യായമാണ് ഞാൻ വായിച്ചത്.ഇതിൽ ഒരു ഗ്രാമജീവിതത്തിന്റെ കൂട്ടായ്മയെയും ഏതു ദുരാത്മാവിനും ഏറെക്കാലം കീഴടക്കി വയ്ക്കാനാവാത്ത സ്വാതന്ത്ര്യ ബോധത്തെയും ശ്രീ പള്ളിക്കൽ ദേവരാജൻ ഈ നോവലിലൂടെ വരച്ചുകാട്ടുന്നു. കഥാകാരൻ സരള സുന്ദരമായ ഭാഷയിലൂടെ ഭാവനാമധുരമായ ഒരു ലോകം കുട്ടികൾക്കായി സൃഷ്ടിക്കുന്നു. ഒപ്പം ചിന്തയുടെ ലോകത്തേക്ക് അവരെ കൂട്ടികൊണ്ടുപോകുകയും ചെയ്യുന്നു.

ഈ നോവലിലെ എല്ലാ കുട്ടികൾക്കും പ്രിയപ്പെട്ടതാണ് ഇലഞ്ഞിമരം. ആ ഇലഞ്ഞിമരത്തെ കുട്ടികൾ എന്നും ഇലഞ്ഞിയമ്മയായിട്ടാണ് കരുതുന്നത്.കുട്ടികൾ എന്നും അതിന്റെചുവട്ടിൽ വന്നിരിക്കുകയും കളികൾ കളിക്കുകയും അടുത്ത മാവിലെ മാങ്ങ പറിക്കുകയും ചെയ്തിരുന്നു. ആ കുട്ടികൾക്ക് സന്തോഷം വന്നാലും സങ്കടം വന്നാലും അവൻ അത് ഇലഞ്ഞിയമ്മയോട്ട പങ്കുവച്ചിരുന്നു. എത് വാനാക്കാരെയും പെട്ടെന്ന് ആകർഷിക്കുന്ന ഒരു നോവലാണിത്.

റ്റിനോ (9G)

# നദികൾ മരിക്കുന്നു

ഇത് പുഴയെക്കുറിച്ചുള്ള ഒരു നേരറിവ്.പുഴയില്ലാത്ത നാട് മരുഭൂമി എന്നു തന്നെ പറയാം.നാടിന്റെ ജീവനാഡികളാണ് പുഴകൾ. നൈൽ നദിയും സിന്ധു നദിയും ഊട്ടിപ്പോറ്റി വളർത്തിയ സംസ്കാരങ്ങളാണ് ഭാരത പുഴയും പെരിയാറും. നദികൾ ഇല്ലാത്ത കേരളത്തെക്കുറിച്ച് സങ്കൽപ്പിക്കാൻ കഴിയുമോ?വിഭിന്ന സംസ്കാരങ്ങളുടെ പിള്ള തൊട്ടിലുകളായി നദികൾ മാറിയിരിക്കുന്നു. മതസൗഹൃദത്തിന്റെ ചിഹ്നമായ ആദിശങ്കരൻ ജനിച്ച പെരിയാറിന്റെ തീരം കേരളീയർ മറക്കില്ല.

നദികൾ മരിക്കുന്നു എന്ന ശീർഷകത്തിനു തന്നെ ഒരു പുതുമയുണ്ട്.മരിക്കുക എന്ന പ്രയോഗത്തെ ഒരു ബുദ്ധിയുള്ള ജീവിയുമായാണ് ഉപമിക്കാറുള്ളത്.നദികൾ മരിക്കുന്നതോടെ ജലസമ്പത്തും ഇല്ലാതാകുന്നു.അമിതമായ ജല ചൂഷണം നമുക്ക് തന്നെ ഒഴിവാക്കാം. ജലം വായു പോലെപൊതുസ്വത്താണ്. എങ്കിലും ജലം വിൽക്കപ്പെടുന്ന നാടാണിത്. നദികളെ രക്ഷിക്കേണ്ടത് എല്ലാ പൗരന്റേയും കടമയാണ്.

കാർത്തിക് മേനോൻ (9 D)

# ഒരു പനിനീർപ്പൂവിലൂടെ

പനിനീർപ്പൂവെ നീയെത്രനാളായ്
ദിനരാത്രങ്ങളെ വരവേറ്റു..........
എന്നിട്ടൊരുനാൾ എന്നോട് യാത്ര
പറയതെ മണ്ണിൽ അടർന്നുവീണു

നിൻ ലോലമാം പൂവിതളുകൾ
സൂര്യന്റെ സ്വർണ്ണരശ്മികളാൽ വാടി
നീ തെന്നലേറ്റു ചാഞ്ചാടി നിന്നു
മഴത്തുള്ളികൾ നിനക്കുമ്മതന്നപ്പോൾ

ആ കുളിരിൽ നീ മയങ്ങി.
പുലർകാലത്തു മഞ്ഞുകണങ്ങൾ
നിന്നെ മുത്തുകളാൽ ഒരുക്കി.
നിന്റെയിതളുകൾ ധരയിൽ പതിച്ചപ്പോൾ

അവയെ മൺതരികൾ
നോവിച്ചോ?
ഇനിയും ചില നാളുകൾ
കൊഴിയുമ്പോൾ
നീ ധരയുടെ പുത്രിയാകും.
നീയെന്നരികിൽനിന്നകന്നു
പോകും

ശരൺ (9A)

# കുട്ടിക്കാലം

എന്റെ  മനസ്സിൽ  പാറിപ്പറക്കുന്നു
മധുരമാം എൻ കുട്ടിക്കാലം
എൻ ഓർമ്മകളിലൂടെ മിന്നിമായുന്നു
സുന്ദരമാം എൻ  കുട്ടിക്കാലം

മാവിൽ ചുവട്ടിലേക്ക് വിണുകിടന്നയാ-
ചക്കരമാമ്പഴം പെറുക്കി,രുചിയാൽ
ഏവരു കൊതിയോടെ തിന്നു
ഇന്നുമെൻ  സ്വപ്നങ്ങളിൽ നിറയുന്നു

പള്ളിക്കുടത്തിൽ ഏവരും ഒന്നിച്ച് പോയതും
പോകുംവഴിയിൽ ഓടിച്ചാടി നടന്നതും,
തമാശപറഞ്ഞ് കളിച്ചുല്ലസിച്ചതും
ഇന്നു ഞാൻ മധുരമായി ഓർക്കുന്നു.

വിവേക് (9H)

# ഗുരു ആര്?

പണ്ട് ഗംഗയുടെ തീരത്ത് ഗൗതമ എന്നൊരു യുവ സന്യാസിയുണ്ടായിരുന്നു. ഊണും ഉറക്കവും മറന്ന് മണിക്കുറുകൾ ഈശ്വരധ്യാനത്തിൽ മുഴുകുന്നത് ഗൗതമന്റെ പതിവായിരുന്നു.

ഒരിക്കൽ മറ്റു സന്യാസിമാർ ഗൗതമനോടു ചോദിച്ചു. താങ്കൾ എത്രനേരമാണ് ഏകാഗ്രതയോടെ ധ്യാനിക്കുന്നത്. ഞങ്ങൾക്കതിനു കഴിയുന്നില്ല. അങ്ങ് ധ്യാനം പഠിച്ചത് ഏതു ഗുരുവിൽനിന്നാണ്? അദ്ദേഹത്തെ ഞങ്ങൾക്കൊന്നു കാട്ടിത്തരാമോ?

അതിനെന്താ,പോന്നോളു,ഗൗതമൻ പറഞ്ഞു. അവൻ നടന്നത് ഒരു നദിയുടെ കരയിലേക്കാണ് അവിടെ ഒരാൾ ചൂണ്ടയിട്ടിരിക്കുന്നു. ഗൗതമൻ പറഞ്ഞു.നോക്കു ,അദ്ദേഹമാണ് ധ്യാനത്തിൽ എന്റെ ഗുരു. ചൂണ്ടയിൽ കൊത്തും വരെ എത്ര ക്ഷമയോടെയാണ് ആ മനുഷ്യൻ ഇരിക്കുന്നത്.ചുറ്റുപാടും എന്തു നടന്നാലും അദ്ദേഹത്തിന്റെ ശ്രദ്ധ ചൂണ്ടയിൽ മാത്രമാണ്.ധ്യാനവും ഇത് പോലെതന്നെയാവണം.

റ്റിനോ (9G)

# ഇതളുതിരുന്ന മലരുകൾ

എന്നും അതിരാവിലെ എഴുന്നേൽക്കുന്ന അവൾ ഇന്നെന്തുകൊണ്ടോ താമസിച്ചു .സൂര്യ രശ്മികൾ അവളുടെ ഉറക്കത്തിനു തടസ്സമായപ്പോഴാണ് അവളുണർന്നത്.പെട്ടെന്നവൾ മുന്നിലിരിക്കുന്ന ക്ലോക്കിലേക്കു നോക്കി. സമയം ഏഴു കഴിഞ്ഞിരുന്നു.

ഉത്തരവാദിത്വബോധത്താൽ പെട്ടെന്നെഴുന്നേറ്റ അവൾ തന്റെ ഓമന പുത്രിയെ വിളിച്ചുണർത്താൻ തുടങ്ങി.സത്യത്തിൽ ആ കുട്ടി അവളുടെ ജീവിതത്തിൽ വന്നെത്തിയ സൗഭാഗ്യമായിരുന്നു.

ഒരപകടത്തിൽ തന്റെ ഭർത്താവു നഷ്ടപ്പെട്ടെന്നറിഞ്ഞു ജീവനൊടുക്കാൻ തയ്യാറെടുത്ത അവൾക്കു ജീവിതം മുന്നോട്ടു നയിക്കാൻ,ജീവിതത്തിനു കൂട്ടായി ദൈവം നൽകിയ സൗഭാഗ്യം.അവൾ ആ കുട്ടിക്ക് അമ്മു എന്ന് പേരിട്ടു.അവളെ പൊന്നു പോലെ വളർത്തി.

ഉറക്കത്തെ ഏറെ സ്നേഹിച്ചിരുന്ന അമ്മു തന്റെ അമ്മയുടെ വാക്ക് കേൾക്കാതെ വീണ്ടും കിടന്നു.അമ്മയുടെ സ്നേഹത്തോടെയും ഗൃഹനാഥയുടെ തിരക്കുകളോടെയും ഒന്ന് കൂടി തന്റെ മകളെ വിളിച്ചു അടുക്കളയിലേക്കു കടന്നു.ഭക്ഷണമുണ്ടാക്കുന്ന തിരക്കിനിടയിൽ അവളൊന്നാലോചിച്ചു.തന്റെ മകൾ വളരുകയാണ്.ഇപ്പോഴവൾക്കു പതിമൂന്നു വയസായിരിക്കുന്നു.ഇനി പഠനത്തിനും മറ്റും ചെലവ് കൂടും.തന്നെപോലെ വീട്ടു ജോലിക്കാരിയാകേണ്ടവളല്ല അവൾ.പഠിച്ച് ഉയരങ്ങളിലേക്ക് എത്തേണ്ടവളാണ്.അവൾക്കതിനു അവസരമുണ്ടാക്കികൊടുക്കേണ്ടത് താനാണ്.അതിനിനിയും ജോലി ചെയ്യണം.ഒരു ദീർഘ നിശ്വാസത്തോടെ അവളെല്ലാം ആലോചിച്ചു .ക്ലോക്കിലേക്കു

നോക്കിയപ്പോൾ സമയം ഏഴരയായിരുന്നു.അവൾ അമ്മുവിനെ വിളിച്ചുണർത്തി കുളിക്കാനയച്ചു.അവൾക്കു ഭക്ഷണം നൽകി സ്കൂളിലയച്ചു.ഏറെ പ്രതീക്ഷകളോടെ മകളെ നോക്കിനിന്ന ശേഷം അവൾ അകത്തേക്ക് പോയി.

വൈകിട്ട് ജോലികഴിഞ്ഞു വീട്ടിലെത്തിയ അവൾ മകളെകാണാതെ വിഷമിച്ചു.തന്നെക്കാൾ നേരത്തെ വരുന്നതാണ്.ഇന്ന് ട്യൂഷനോ മറ്റോ കാണുമെന്നവൾ കരുതി.എന്നാൽ അതുവഴിപോയ കുട്ടിയിൽ നിന്ന് അമ്മുവിന് ക്ലാസ്സില്ലായിരുന്നു എന്നറിയാൻ കഴിഞ്ഞു.പെട്ടെന്നവൾക്കു വയ്യായ്ക തോന്നി.അമ്മു പോകാൻ സാധ്യതയുള്ള ഇടങ്ങളിലെല്ലാം തിരക്കി.ഒരു വിവരവും ലഭിച്ചില്ല.രാത്രിയായപ്പോൾ അവളും നാട്ടുകാരും ചേർന്ന് പോലീസിൽ പരാതി നൽകി.ശരിക്കും അവളൊരു പ്രതിമയായി മാറി.ആരോടും ഒന്നും മിണ്ടാത്ത ,ഒരുതുള്ളി കണ്ണീർ പോലും പൊഴിക്കാത്ത ഒരു കൽപ്രതിമ .

എല്ലാവരും അവളുടെ കൂടെ നിന്നു. ഒരുപാടുപേർ അമ്മുവിനെ അന്വേഷിച്ചിറങ്ങി. പക്ഷെ എല്ലാം വിഫലമായി. അടുത്തദിവസം കുറച്ചു പേര് അവളെ ആശുപത്രിയിലേക്ക് കൊണ്ട് പോയി. മകൾക്കെന്തുപറ്റി എന്നറിയാനുള്ള തിടുക്കത്തിലായിരുന്നു അവൾ. പക്ഷെ ആരും അവളോടൊന്നും മിണ്ടിയില്ല. അവിടെ വലിയ ആൾക്കൂട്ടമായിരുന്നു. ധാരാളം പോലീസും. മകളെ കാണണമെന്ന് പറഞ്ഞവൾ അലറിക്കരഞ്ഞു. ഒരാൾ അവളുടെ കൈപിടിച്ച് മകളുടെ അടുത്തേക്ക് കൊണ്ടുപോയി. അമ്മുവിനെ കണ്ടപ്പോൾ തന്റെ മകളാണെന്ന് പോലും തിരിച്ചറിയാനായില്ല. ജീവന്റെ നേരിയ തുടിപ്പ് മാത്രമുള്ള അമ്മുവിൻറെ മുഖം അത്രയ്ക്ക് വികൃതമായിരുന്നു.

അത് കണ്ടു അവളുടെ കണ്ണുകളാകെ ഇരുണ്ടു, തൊണ്ടയിടറി. പെട്ടെന്നവൾ തലചുറ്റി വീണു. കണ്ണുതുറന്നപ്പോൾ ഡോക്ടറോടവൾ മകൾക്കെന്തുപറ്റിയെന്നു അന്വേഷിച്ചു .അവൾ ക്രൂരമായ പീഡനത്തിനു ഇരയായിരിക്കുന്നു എന്ന സത്യം ഡോക്ടർ വെളിപ്പെടുത്തി. ഈ ലോകം ഇടിഞ്ഞു വീഴുന്നതുപോലെ അവൾക്കു തോന്നി.തന്റെ മകളെ

കണ്ടു സംസാരിക്കണമെന്നവൾ ഡോക്ടറോട് കരഞ്ഞപേക്ഷിച്ചു.ഡോക്ടർ അവളെ അമ്മുവിൻറെ അടുത്തേക്ക് കൊണ്ട് പോയി.

ഒരിറ്റ ശ്വാസത്തിന് വേണ്ടി പിടയുന്ന മകളെ കണ്ടവൾ കരഞ്ഞു.കുഞ്ഞിന്റെ കൈകൾ തന്റെ നെഞ്ചോടു ചേ ർത്തു പിടിച്ചു.ശ്വാസമെടുക്കുന്നതിനിടയിൽ അവൾ തന്റെ അമ്മയെ വിളിച്ചുകരഞ്ഞു.കരയുന്നതിനിടയിൽ വല്ലാതെ പിടഞ്ഞു.കൈകാലുകൾ മുറുകെ പിടിച്ചു.പെട്ടെന്നവളുടെ ചലനം നഷ്ടപ്പെട്ടു. ആ അമ്മ തന്റെ മകളെ ചേർത്ത് പിടിച്ചു കരഞ്ഞു.അവളുടെ സ്വപ്നങ്ങളെല്ലാം തകർന്നു കഴിഞ്ഞു.ഇനി തന്നെ അമ്മേ എന്ന് വിളിക്കാൻ,തനിക്കു കൂട്ടായി നില്ക്കാൻ ഈ ലോകത്താരുമില്ല.ഒരുറുമ്പിനെപോലും നോവിക്കാത്ത തന്റെ മകൾ ഇന്ന് ആരുടെയോ ക്രൂരമായ പീഡനത്തിനിരയായിരിക്കുന്നു.തന്റെ മകളോട് ഈ ക്രൂരത ചെയ്തവരെ ഭൂമിയിൽ നിന്ന് ഇല്ലായ്മ ചെയ്യണമെന്ന് ആ അമ്മക്ക് തോന്നി.അവരോടൊപ്പം നാട്ടുകാരും ചേർന്നു.എല്ലാവരും കൈകോർത്തു, ആ രാക്ഷസനെ ഇഞ്ചിഞ്ചായി തല്ലി കൊന്നു.

തിരക്കുകളാൽ ഓടുന്ന വീട്ടമ്മമാർക്കും ജീവിച്ചു കൊതി തീരാത്ത പിഞ്ചു കുഞ്ഞുങ്ങൾക്കും ഇന്ന് ഇതാണാവസ്ഥ.ഈ ലോകത്തിൽ ആർക്കും സമാധാനമില്ല.ആർക്കും സ്വാതന്ത്ര്യത്തോടെ പുറത്തിറങ്ങി നടക്കാൻ കഴിയാത്ത അവസ്ഥയാണ്.ദിനംതോറും ധാരാളം പൂക്കൾ ഇതുപോലെ വാടികൊഴിയുന്നു.അതിനു മറുപടിയായി ആ ചെടിയിൽ അതിനിരട്ടി പൂക്കൾ മൊട്ടിട്ടു വിരിയുന്നു.എല്ലാവരെയും ഈ പൂക്കൾ ആകർഷിക്കുന്നു.അതെല്ലാത്തിലും മീതെ ശോഭിക്കുന്നു.

അക്ഷയ എ.വി. (10G)

# പെൻസിൽ ഉണ്ടായ കഥ

ഏതു കണ്ടു പിടുത്തതിന് പിന്നിലും ഒരു കഥയുണ്ടാകും.പെൻസിൽ കണ്ടു പിടിച്ചതിനു പിന്നിലും രസകരമായ ഒരു കഥയുണ്ട്. ഈ കഥ കേൾക്കാനായി അത് നടന്ന കാലഘട്ടത്തിലേക്ക് സഞ്ചരിക്കുകയാണ് നാം. ഇതാ എത്തിപ്പോയി .1565 ലെ ഏതോ ഒരു ദിവസമാണ്. ഇംഗ്ലണ്ടിലെ കംബിർലാൻഡ് മലനിരകളിലെ ബോറോഡെയ്‌ലിൽ ആണ് ഇപ്പോൾ നാം നിൽക്കുന്നത്. കാട്ടുവെട്ടുന്നവരോ ഇടയിലെ പുൽമേട്ടുകളിൽ കാലി മേയ്ക്കാൻ എത്തുന്ന ഗോപാലകരോ അല്ലാതെ അധികമാരും അവിടെ വരാറില്ല. എന്നാൽ ഇന്നത്തെ ദിവസം ഇവിടെ ആളും ബഹളവുമാണ്. കറുത്ത നിറത്തിലുള്ള നിക്ഷേപം ഭൂമിക്കടിയിൽ കണ്ടെത്തിയതിനെത്തുടർന്നുണ്ടായ തിക്കും തിരക്കുമാണ് നാമിവിടെ കാണുന്നത്.

നല്ല മിനുസ്സമുള്ളതും തൊട്ടാൽ കൈയിൽ പറ്റിപ്പിടിക്കുന്നതുമായ ഒരുതരം പൊടിയാണിത്. ഒറ്റനോട്ടത്തിൽ കാരീയം തന്നെ .അതുകൊണ്ടു ആളുകളതിനെ ലെഡ് എന്ന് തന്നെ വിളിച്ചു.ഗ്രാഫൈറ്റ് എന്ന വസ്തുവായിരുന്നു സത്യത്തിലത്. കാർബണിന്റെ രൂപാന്തരമായ ഗ്രാഫൈറ്റ്. എന്നാൽ അന്നത് കണ്ടു പിടിച്ചിട്ടില്ലായിരുന്നു.

കറുപ്പ് നിറത്തിലുള്ള വിചിത്രമായ ഈ സാധനത്തെ ആദ്യം ഉപയോഗപ്പെടുത്തിയത് ആട്ടിടയന്മാരായിരുന്നു. ആടുകളുടെയും മാടുകളുടെയും ശരീരത്തിൽ അടയാളമിടാൻ അവർ ഇതിനെ ഉപയോഗിച്ചു.

അതിനിടെ പലരും ഗ്രാഫൈറ്റ് മറ്റു സ്ഥലങ്ങളിലേക്ക് കടത്തിക്കൊണ്ടു പോയി. അവരതിന് പലപല ഉപയോഗങ്ങളും

കണ്ടെത്തി.സാധനത്തിനു ആവശ്യക്കാർ കൂടിവന്നതോടെ അതുവരെ വെറുതെ കിട്ടിയ സാധനത്തിനു വിലയായി. ഗ്രാഫൈറ്റ് ഖനനം അതിവേഗം പുരോഗമിച്ചു.ഖനികൾ ചുരുക്കം ചിലരുടെ സ്വകാര്യ സ്വത്തായി മാറി.

ഗ്രാഫൈറ്റ് പൊടിയെ ഉരുട്ടി നേർത്ത വടികളാക്കി മാറ്റിയാൽ അത് എഴുതാൻ പറ്റിയ സാമഗ്രിയായി മാറുമെന്ന് അതിനിടെ ആരോ കണ്ടെത്തിക്കഴിഞ്ഞിരുന്നു. എന്നാൽ തീരെ ഉറപ്പില്ലാത്ത ഇത്തരം വടികൾ പെട്ടെന്ന് പൊട്ടിപ്പോകുന്നു. ഏതോ വിദ്വാൻ അതിനുമൊരു പരിഹാരം കണ്ടെത്തി. ഉള്ളു പൊള്ളയായ മരത്തടികളിൽ ഗ്രാഫൈറ്റ് വടികൾ ഉറപ്പിച്ച അവർ പ്രശ്നം പരിഹരിച്ചു.ഇന്ന് നാം ഉപയോഗിക്കുന്ന തരം പെൻസിലുകൾ അങ്ങനെയാണുണ്ടായത്.

ഏതാണ്ട് രണ്ടു നൂറ്റാണ്ടുകൾക്കു ശേഷം 1975 ൽ ഫ്രഞ്ച് രസതന്ത്രജ്ഞനായ നിക്കോളാസ് കോണ്ടേ പെൻസിൽ നിർമ്മാണത്തിനുണ്ടാക്കിയ മാറ്റം ഈ രംഗത്ത് ഒരു നാഴിക കല്ലായി. കളിമണ്ണും ഗ്രാഫൈറ്റും വെള്ളത്തിലിളക്കിയുണ്ടാക്കുന്ന മിശ്രിതം പെൻസിൽ നിർമ്മാണത്തിന് ഒന്നാന്തരമാണെന്നദ്ദേഹം കണ്ടെത്തി. ഇതോടെ പെൻസിലുകളുടെ ഉറപ്പും ഈടും ഗുണമേന്മയും വർധിച്ചു. പെൻസിൽ നിർമാണത്തിന് ഈ രീതി തന്നെ ഇപ്പോഴും പിന്തുടരുന്നു.

## ടീച്ചർ വരുന്നുണ്ടെടാ ഓടിക്കോ....

ക്ലാസ്സിൽ തല്ലിപ്പൊളിയായിട്ടുള്ള കുറച്ച് വില്ലന്മാർ കാണുമല്ലോ.എന്റെ ക്ലാസ്സിലുമുണ്ട്.ബാക് ബെഞ്ചേഴ്സ്.ക്ലാസ്സിൽ ഏതു ടീച്ചർ വന്നാലും തുടങ്ങും ബഹളം.ടീച്ചർ പറയാറുണ്ട് "എന്റെ ക്ലാസ്സിൽ ഇരിക്കാൻ താല്പര്യം ഇല്ലേൽ നിങ്ങൾക്ക് പുറത്തേക്കിറങ്ങി പോകാം","ഹോ!ശല്യം.ചന്ത പിള്ളേരെക്കാൾ കഷ്ടമാണല്ലോ ഈ ക്ലാസ്സിന്റെ കാര്യം","വീട്ടുകാരുടെ പൈസ കളയാൻ എന്തിനാ നീയൊക്കെ ഇങ്ങോട്ടു എഴുന്നള്ളുന്നെ","നിങ്ങൾ സംസാരിച്ചു തീർന്നിട്ട് പറ അതിനു ശേഷം ഞാൻ സംസാരിക്കാം","എന്ത് പറഞ്ഞാ ചിരിക്കുന്നേ...പറയ് ഞാനും കൂടെ ചിരിക്കട്ടെ""ടീച്ചർമാർ മണ്ടന്മാർ ആണെന്നാണോ നിങ്ങളുടെയൊക്കെ വിചാരം","നീ ഓവർസ്മാർട് ആകേണ്ട","കഴിഞ്ഞ വർഷത്തെ ബാച്ച് ഇതിനേക്കാൾ എത്രയോ ഭേദം","സംസാരിക്കാനാണെങ്കിൽ നീയൊക്കെ പുറത്തുപോയി സംസാരിക്കു"അങ്ങനെ ടീച്ചർ പറയുമ്പോൾ ഞങ്ങൾ കുറച്ചു നേരം മിണ്ടാതിരിക്കും.പിന്നെയും എന്റെ ക്ലാസ്സിലെ അവസ്ഥ ഇത് തന്നെ.എങ്ങനെ പറഞ്ഞാലും ഇങ്ങനെ തന്നെ ഗോവിന്ദാ...

നൗഫിയ.എഫ് (10F)

# പരീക്ഷാദിനം

പരീക്ഷയുടെ ദിവസം സ്കൂൾ പൊതുവെ ശാന്തമായിരിക്കും. പരീക്ഷയ്ക്ക് തൊട്ടുമുൻപ് തകർത്തു പഠിക്കുന്നവർ. പഠിച്ചതൊക്കെ ഒന്നുകൂടെ ഓർത്തു നോക്കുന്നവർ.കൈയിലുള്ള കോപ്പി ഏതൊക്കെയാണെന്ന് ഓർത്തു നോക്കുന്ന ഞാൻ. ജപിച്ച പേനയുമായി വരുന്ന ചിലർ.എന്റെ പേന! അതിനാണേൽ ക്യാപ് പോലും ഇല്ല. അന്നും 'രണ്ടുപേനയുണ്ടോ' എന്ന് ചോദിച്ചു വരുന്നവരുണ്ട്. ഇന്നേതു ടീച്ചറാ ക്ലാസ്സിൽ വരുന്നത് എന്നാണ് ഇനി അറിയേണ്ടത്.

കണക്ക ടീച്ചർ ആണേൽ പരീക്ഷ മുൾമുനയിൽ നിന്നെഴുതേണ്ടിവരും.അപ്പുറത്തെ ക്ലാസ്സിൽ പാവം ടീച്ചർ;എന്റെ ക്ലാസ്സിൽ കണക്ക ടീച്ചർ.എല്ലാവരെയും പോലെ എനിക്കും പേടിയാ കണക്ക ടീച്ചറിനെ. എന്റെ കൈയിൽ കോപ്പിയും.സകല ദൈവത്തെയും വിളിച്ച ഞാൻ ക്ലാസ്സിലേക്ക്. ബെല്ലടിച്ചിട്ടും പഠിത്തം നിർത്താത്ത വേറെ കുറെയെണ്ണം.ചോദ്യപേപ്പർ വാങ്ങിയശേഷം പ്രാർഥിക്കുന്ന പഠിപ്പിസ്റ്റ്. കയ്യിലൊരു തേങ്ങ കൂടെയുണ്ടെങ്കിൽ ഇവളൊക്കെ അത് എറിഞ്ഞു പൊട്ടിക്കും; എന്നിട്ടേ പരീക്ഷ എഴുതുകയുള്ളു.ചോദ്യപേപ്പർ കൈയിൽ കിട്ടിയാൽ മൊത്തമൊന്നു വായിക്കണമെന്നാ ടീച്ചർ പറഞ്ഞത്.ആംഗ്യഭാഷയിൽ ഓരോന്ന് ചോദിച്ചും പറഞ്ഞും ചിലർ എഴുതിത്തുടങ്ങി.അന്തസായിട്ടു തെറ്റുത്തരം പറഞ്ഞു തരുന്ന ചങ്ങായിയും ഉണ്ട്. എന്റെ ആംഗ്യഭാഷക്കു മാത്രം ആരും മറുപടി തന്നില്ല."ടീച്ചർ പേപ്പർ"എല്ലാവരെയും ഞെട്ടിച്ച പഠിപ്പിസ്റ്റിന്റെ വാക്കുകൾ.അപ്പോഴും ഒരു പേജ് പോലും എഴുതിത്തീരാത്ത ഞാൻ..

എത്ര വിളിച്ചിട്ടും വിളികേൾക്കാത്ത പഠിപ്പിസ്റ്റ് തെണ്ടി.കണക്ക ടീച്ചറിന്റെ കാകദൃഷ്ട്ടി മറികടന്ന കോപ്പിയടിക്കാൻ എനിക്ക് കഴിഞ്ഞില്ല. കൈയിലുള്ള കോപ്പി എടുക്കാനുള്ള എന്റെ ശ്രമങ്ങൾ ചങ്കിടുപ്പിന്റെ ചെണ്ടമേളത്തിൽ കൊണ്ടെത്തിച്ചു.ആരും ഒന്നും പറഞ്ഞു തരുന്നില്ല. എനിക്കാണേൽ ഒന്നും അറിയാനും വയ്യ. ഞാൻ പേപ്പർ ടീച്ചറിന്റെ കൈയിൽ കൊടുത്തു. ബെല്ലടിച്ചപ്പോൾ സന്തോഷത്തോടെ വെളിയിലിറങ്ങി കൂട്ടുകാരി ചോദിച്ചു"എങ്ങനെയുണ്ട് പരീക്ഷ?"ഞാൻ പറഞ്ഞു"എളുപ്പമായിരുന്നു. ഞാൻ എല്ലാം എഴുതി". പക്ഷെ എനിക്കല്ലേ അറിയൂ ഞാൻ എന്താ എഴുതിയതെന്ന്. ഇതാണ് ഓരോ കുട്ടിയുടെയും അവസ്ഥ. മറക്കാൻ കഴിയാത്ത ഓർമ്മകൾ സമ്മാനിച്ച പരീക്ഷാദിനം.

നൗഫിയ.എഫ് (10F)

# നഷ്ടം

എനിക്കറിയില്ല, ഞാൻ എത്ര കരഞ്ഞു പറഞ്ഞതാണ്.എല്ലാ അദ്ധ്യാപകരും "വരുന്നില്ലേ"എന്ന് ചോദിക്കുമ്പോൾ എന്റെ മനസ്സ് തീ പോലെ ആളിക്കത്തുകയായിരുന്നു.അന്ന് രാത്രി അച്ഛൻ വന്നു ചോദിച്ചു"നിനക്ക് പോകാൻ അത്രയ്ക്കിഷ്ടമാണെങ്കിൽ പോയ്ക്കൊള്ളൂ.പക്ഷെ ഇനി ഒരിളവും എന്നിൽ നിന്ന് നീ പ്രതീക്ഷിക്കരുത്." ആ പറഞ്ഞതിൽ എന്തോ അർഥം ഒളിഞ്ഞിരുപ്പുണ്ടെന്നു എനിക്ക് മനസ്സിലായി. എന്നാൽ എന്റെ മനസ്സിലുണ്ടായിരുന്ന ആ അഗ്നിയെ ആരോ വെള്ളമൊഴിച്ചാണച്ചതു പോലൊരു സുഖം അനുഭവപ്പെട്ടു. എന്തായാലും ഒരിക്കലും വിനോദയാത്രയ്ക്ക് വിടില്ല എന്ന് ശാഠ്യം പിടിച്ച അച്ഛന്റെ ഈ മനംമാറ്റം എന്നിൽ അതിയായ സന്തോഷമുണ്ടാക്കി.അറുന്നൂറ് രൂപയല്ലേയുള്ളൂ എന്നൊക്കെ പറഞ്ഞത് കൊണ്ടാവാം അച്ഛൻ സമ്മതിച്ചത്.അങ്ങനെ ആദ്യമായി വിനോദയാത്ര പോകുവാനുള്ള അനുവാദം ലഭിച്ചു.ഇനിയിരിക്കലും ഇതുപോലൊരു അവസരം ഒത്തുവരില്ല.അതിനാൽ ഇതിനെ അങ്ങേയറ്റം പ്രയോജനപ്പെടുത്തണം .

ഒരുപാടു യാത്രാപുസ്തകങ്ങൾ ഞാൻ വായിക്കാറുണ്ട്. എന്നാൽ നേരിട്ടുള്ള അനുഭവമൊന്നും വായിക്കുമ്പോൾ ലഭിക്കാറില്ല. അങ്ങനെ ഞാൻ കാത്തിരുന്ന ദിവസം എത്തി. ജനുവരി ഇരുപത്തിയാറ്. ആരും പോകാത്ത സ്ഥലമൊന്നുമായിരുന്നില്ല. പക്ഷെ ഞാൻ ആദ്യമായി പോകുന്നത് അപ്പോഴാണ്. വേറൊരിടത്തുമല്ല; കന്യാകുമാരിയിലേക്ക്. അച്ഛന് യാത്രകളൊന്നുംതന്നെ ഇഷ്ടമല്ല.അപ്പോഴും;ഇപ്പോഴും. ഒരുതരം ശാഠ്യം പിടിക്കുന്ന സ്വഭാവക്കാരനായതിനാൽ 'അമ്മ അച്ഛനോട് ഒന്നും പറയാൻ പോകാറുമില്ല.അതുകൊണ്ടാവാം കുട്ടികളൊക്കെ പോയിട്ടുള്ള സ്ഥലമാണെന്നു പറഞ്ഞപ്പോൾ എനിക്ക് മറുപടി ഒന്നും ഇല്ലാതിരുന്നത്.

എന്തായാലും ഞാനെന്റെ യാത്രാനുഭവങ്ങൾ പങ്കുവയ്ക്കാം.ആദ്യമായി പോയത് തൂപ്പരപ്പ വെള്ളച്ചാട്ടത്തിലാണ്.പാടാനും നൃത്തംവയ്ക്കാനും അറിയാവുന്നതുകൊണ്ടായിരിക്കണം എന്നെ എല്ലാ അദ്ധ്യാപകരും വിദ്യാർഥികളും വിളിച്ചത്.പക്ഷെ ,തൂപ്പരപ്പിൽ എല്ലാവരും കുളിക്കുന്നതാണ് കണ്ടത്.അവർ ശിവന്റെ പാദം സേവിക്കുകയാണെന്നാണ് ഒരു വിശ്വാസിയോട് ചോദിച്ചപ്പോൾ പറഞ്ഞത്. എന്തായാലും അവിടെ ഒരു അമ്പലമുണ്ട്. ശിവക്ഷേത്രം തന്നെ. അവിടെനിന്നും പിന്നെ ഒരുപാടു സ്ഥലങ്ങൾ. തൊട്ടിപ്പാലം, ഉപ്പളം, മുട്ടിടിച്ചാൻപാറ...അങ്ങനെ പോകുന്നു.അവസാനം കാത്തിരുന്ന സ്ഥാലം കന്യാകുമാരി.അവിടെ എത്തിയ സമയത്തു കാറ്റെന്നെ തഴുകി.എല്ലാവരും വെള്ളം വകവയ്ക്കാതെ ഇറങ്ങി. എത്ര അദ്ധ്യാപകരുണ്ടെന്നു പറഞ്ഞിട്ടെന്തുകാര്യം;അവരവരുടെ കാര്യം നോക്കേണ്ടത് അവരവർതന്നെ.അങ്ങനെ എല്ലാവരും ഇറങ്ങിയ കൂട്ടത്തിൽ ഞാനും എന്റെ ഉറ്റസുഹൃത്തും.

പെട്ടെന്നാണ് തിര വന്നത്. എല്ലാവരും അത് മനസ്സിലാക്കി ഇറങ്ങി.പക്ഷെ ഞാനും എന്റെ കൂട്ടുകാരിയും അതിൽ പെട്ടുപോയി.എനിക്കവളുടെ കൈവിടേണ്ടിവന്നു. എന്റെ കൈ ഒരു കല്ലിൽ തടഞ്ഞു.അല്ല,ഞാൻ അവളെ കൈവിട്ടതല്ല,വഴുതിപ്പോയി. എങ്ങനെയോ ഞാൻ രക്ഷപെട്ടു.ഞാൻ ആദ്യം തിരഞ്ഞത് അവളെയായിരുന്നു. എന്ത് ചെയ്യണമെന്ന് അറിയാത്ത അവസ്ഥയിലായിരുന്നു അവർ. അപ്പോഴേക്കും എന്റെ ബോധം പോയിരുന്നു. ബോധം വന്നപ്പോൾ കേട്ടത് അവളുടെ മരണവർത്തയായിരുന്നു. അവളെ അവസാനമായി ഒരുനോക്ക് കാണണമെന്നുണ്ടായിരുന്നു. പക്ഷെ മനസ്സ് സമ്മതിക്കുന്നില്ല.ഞാൻ വന്നതുകൊണ്ടാണ് അവളുടെ മാതാപിതാക്കൾ അവളെ അയച്ചത്. എന്റെ കൈവിട്ടാണ് അവൾ മരണമെന്ന വാതിലിനപ്പുറത്തേക്കു പോയതെന്നറിഞ്ഞാൽ അവർക്കു എങ്ങനെ താങ്ങാൻ കഴിയും.

പോയതുപോയി എന്ന് സമാധാനപ്പെടുകയാണ്. എങ്കിലും എനിക്കവൾ അങ്ങനെയായിരുന്നില്ല. എന്റെ അച്ഛനും അമ്മയും അവിടെ എത്തി. അച്ഛൻ പറഞ്ഞത് കേട്ടിരുന്നെങ്കിൽ എന്റെ ജീവന്റെ ജീവൻ നഷ്ടമാകില്ലായിരുന്നു. സങ്കടത്തിൽ ആഴ്ന്നു പോയ ആ നിമിഷത്തെ എങ്ങനെ വിവരിക്കണമെന്നു എനിക്കറിയില്ല. ഒരിക്കലും ഇങ്ങനെയൊരനുഭവം ആർക്കും ഉണ്ടാകരുതേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

അഞ്ജന എസ്. (9B)

# സ്റ്റീഫൻ ഹോക്കിങ്

2018-മാർച്ച് 14 ശാസ്ത്രലോകത്തെ ഒരു കുലപതി അന്തരിച്ചു. സ്റ്റീഫൻ ഹോക്കിങ് ജീവിച്ചിരുന്ന ഒരു പ്രതിഭാസം.

1942 ജനുവരി 8 ന് പിറന്ന ഒരു ഭൗതികശാസ്ത്രജ്ഞൻ. സൈദ്ധാന്തിക ജ്യോതിശാസ്ത്രത്തിലെ അഗ്രഗണ്യൻ . തന്റെ 21-ാം വയസ്സിൽ മോട്ടർ ന്യൂറോഡിസീസ് കീഴടക്കിയെങ്കിലും ചക്രകസേരയിൽ ഒതുങ്ങപ്പെട്ട അദ്ദേഹത്തിന്റെ ചിന്തകളും തത്ത്വങ്ങളും രോഗത്തിനു കീഴടങ്ങി. പ്രവർത്തനക്ഷമമായ ചുണ്ടുവിരൽ ഉപയോഗിച്ച് കംപ്യൂട്ടറിൽ തെളിയുന്ന അക്ഷരങ്ങൾ പെറുക്കിയെടുത്ത് ഹോക്കിങ് മഹത്തായ ആശയങ്ങൾ ലോകത്തിനു സമ്മാനിച്ചു. പ്രപഞ്ചരഹസ്യങ്ങളെയും തമോഗർത്തങ്ങളെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ ഐൻസ്റ്റീനു ശേഷം ഉണ്ടായ ഏറ്റവും മഹത്തായ കണ്ടെത്തലുകളായി കണക്കാക്കപ്പെടുന്നു.ശാരീരികമായ കൊടിയ അവശതകൾ ഏൽപിച്ച വെല്ലുവിളികളെ ഇച്ഛാശക്തികൊണ്ട് മറികടക്കാൻ കഴിയുമെന്നതിന്റെ ഉദാത്ത മാതൃകയാണ് സ്റ്റീഫൻ ഹോക്കിങ്.



ലാവണ്യ എസ് പാർവ്വതി (10 I)

# ചന്തയിലെ ധാന്യമണികൾ

ഒരു ഗ്രാമത്തിൽ വീരബാഹു എന്ന ഒരു വൃദ്ധൻ താമസിച്ചിരുന്നു. ഗ്രാമത്തിലെ ചന്ത അടിച്ചുവാരി വൃത്തിയാക്കിയാക്കുന്നതാണ് വീരബാഹുവിന്റെ ജോലി. ചന്ത അടിച്ചുവാരിക്കിട്ടുന്ന പൊടിയും മറ്റും വീരബാഹു കളയാതെ വീട്ടിൽ കൊണ്ടുപോകും ഒരിക്കൽ കടക്കാർ ഇതു ശ്രദ്ധിച്ചു.

“ഇതിലെന്തോ കള്ളത്തരമുണ്ട്,”അവരിലൊരാൾ പറഞ്ഞു. "പണം മോഷ്ടിച്ച് പൊടിക്കും മണ്ണിനുമുള്ളിൽ ഒളിപ്പിച്ചു കടത്തുന്നതായിരിക്കും ,” മറ്റൊരാൾ പറഞ്ഞു.

അവർ ഗ്രാമത്തലവനെ സമീപിച്ചു കാര്യം പറഞ്ഞു. ഉടൻ തന്നെ വീരബാഹുവിനെ പിടിച്ചു കെട്ടിക്കൊണ്ടുവരാൻ ഗ്രാമത്തലവൻ ഉത്തരവിട്ടു. ഗ്രാമത്തലവന്റെ മുന്നിലെത്തിയ വീരബാഹു തല ഉയർത്തിപ്പിടിച്ചു നിന്നു.

“ഒരു തൂപ്പുകാരനും ചപ്പുചവറുകൾ വീട്ടിൽ കൊണ്ടുപോകാറില്ല. സത്യം പറഞ്ഞോ. എന്താണതിൽ ഒളിപ്പിച്ചു കടത്തുന്നത് ?”

ഗ്രാമത്തലവൻ ചോദിച്ചു. വീരബാഹു പതുക്കെ പറഞ്ഞു:

“പ്രഭോ, ധാന്യക്കടകൾക്ക് മുന്നിലെ നിലത്ത് ധാരാളം ധാന്യമണികൾ ചിതറിക്കിടക്കുന്നുണ്ടാകും. അത് വൃത്തിയാക്കിയെടുത്താൽ വിശക്കുന്ന ഒരാൾക്കെങ്കിലും ഭക്ഷണം നൽകാൻ കഴിയും. അത് വൃത്തിയാക്കിയെടുക്കാനാണ് അടിച്ചുവാരിക്കിട്ടുന്ന പൊടിയുംമറ്റും ഞാൻ വീട്ടിലേക്കു കൊണ്ടുപോകുന്നത്. പാഴാക്കിക്കളയുന്ന ഓരോ ധാന്യമണിയും ഭക്ഷണമില്ലാത്ത ഒരാളുടെ വിശപ്പടക്കാൻ ഉപകരിക്കും .”


വീരബാഹു പറഞ്ഞതുകേട്ട് പരാതിക്കാർ തല താഴ്ത്തി.

അനന്ദു.എസ് [9B]

# പ്രകാശശാസ്ത്രത്തിലെ പ്രതിഭകൾ

പ്രകാശത്തെപ്പറ്റി പഠിക്കുന്ന ശാസ്ത്രശാഖയ്ക്ക് **ഓപ്റ്റിക്സ്** എന്നാണ് പേര്. ഇതാ, ഓപ്റ്റിക്സിന്റെ ചരിത്രത്തിലെ ചില പ്രതിഭാശാലികളെ പരിചയപ്പെടാം...

**യൂക്ലിഡ്**




മഹാനായ ഗ്രീക്ക് ശാസ്ത്രജ്ഞൻ. പ്രകാശത്തിന്റെ പ്രതിഫലനത്തെപ്പറ്റി പഠിച്ചു.

**ഇബ്ന് അൽ ഹയ്ഥം**



പേർഷ്യൻ ശാസ്ത്രജ്ഞൻ.കാഴ്ചയിൽ പ്രകാശത്തിന്റെ പങ്ക് വിശദീകരിച്ചു.

**ഹാൻസ് ലിപ്പർഷെ**




ഡച്ചുകാരനായ കണ്ണട നിർമ്മാതാവ്. ആദ്യമായി ടെലിസ്കോപ്പ് നിർമ്മിച്ചു.

**സക്കറിയാസ് ജാൻസൺ**

ഡച്ചുകാരൻ . കോമ്പൗണ്ട് മൈക്രോസ്കോപ്പ് നിർമ്മിച്ചു.





**ഗലീലിയോ ഗലീലി**

ഇറ്റാലിയൻ ശാസ്ത്രജ്ഞൻ. മെച്ചപ്പെട്ട ടെലിസ്കോപ്പ് നിർമ്മിച്ചു.



**ഐസക് ന്യൂട്ടൺ**

ഇംഗ്ലിഷ് ശാസ്ത്രജ്ഞൻ. പ്രകാശത്തിലെ നിറങ്ങളെപ്പറ്റി പഠനം നടത്തി.



**ജോഹാനസ് കെപ്ലർ**

ജർമ്മൻ ശാസ്ത്രജ്ഞൻ.


'റിഫ്രാക്റ്റിങ് ടെലിസ്കോപ്പ് ' പരിഷ്കരിച്ചു.



**ആൽബർട്ട് ഐൻസ്റ്റീൻ**

ക്വാണ്ടം സിദ്ധാന്തം ഉപയോഗിച്ച്

ഫോട്ടോ ഇലക്ട്രിക് ഇഫക്റ്റ് വിശദികരിച്ചു.



**സി.വി.രാമൻ**

മഹാനായ ഇന്ത്യൻ ശാസ്ത്രജ്ഞൻ. 'രാമൻ ഇഫക്റ്റ് ' കണ്ടെത്തി.



## പട്ടം വീണേ!

വാലുപിടയ്ക്കും മീൻപോലെ
വാനിൽ നീന്തും ചെറുപട്ടം
നൂലിൽ തുമ്പിൽ കളിയാട്ടം
ചേലേറുന്നൊരു പൊൻപട്ടം!
നാലാൾ കണ്ടു രസിക്കുമ്പോൾ
നൂലതു പൊട്ടീട്ടയ്യയ്യോ
നേരേ താഴെ തലകുത്തി
വീണല്ലോ ആ പൂമ്പട്ടം!

അനന്ദു . എസ് (9B)

# സംഘടനകളും ലോഗോകളും

ഐക്യരാഷ്ട്രസംഘടന (യുണൈറ്റഡ് നേഷൻസ് ഓർഗനൈസേഷൻസ്)

ഇന്റർ നാഷണൽ എനർജി ഏജൻസി

ഇന്റർ നാഷണൽ ഒളിംപിക് കമ്മിറ്റി

ലോകബാങ്ക്

ഇന്റർ നാഷണൽ ഫണ്ട് ഫോർ അഗ്രികൾച്ചറൽ ഡെവലപ്മെന്റ്

ഇന്റർ നാഷണൽ ആറ്റോമിക് എനർജി എജൻസി

ഇന്റർ നാഷണൽ ഫിനാൻസ് കോർപ്പറേഷൻ

ഇന്റർപോൾ

റെഡ്ക്രോസ്

വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്

ഇന്റർ നാഷണൽ സിവിൽ ഏവിയേഷൻ ഓർഗനൈസേഷൻ

ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ

വേൾഡ് ടൂറിസം ഓർഗനൈസേഷൻ

*ഇന്റർ നാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാന്റേഡ്സ്*

# മനസ്സിന്റെ മുറിവ്

കടലിലെ തിരമാലകളെ നോക്കിനിൽക്കുന്നതിനിടെ ഞനൊന്നു തിരിഞ്ഞുനോക്കി. പിന്നിൽ കുട്ടികൾ ഓടിക്കളിക്കുന്നുണ്ടായിരുന്നു. ഞാൻ ആ കുട്ടികളെ തന്നെ നോക്കി നിന്നുപോയി. എന്റെ കുട്ടിക്കാലം എന്നിലേക്ക് അറിയാതെ ഇരമ്പിയെത്തി.

അച്ഛനും അമ്മയും അനുജത്തിയും അടങ്ങിയ ഒരു ചെറിയ കുടുംബമായിരുന്നു എന്റേത് . പാവപ്പെട്ട കുടുംബമായിരുന്നെങ്കിലും വളരെ സന്തോഷം നിറഞ്ഞതായിരുന്നു എന്റെ കുട്ടിക്കാലം. എന്നാൽ ആ സന്തോഷം അധികകാലം നീണ്ടുനിന്നില്ല. ഞാൻ അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ എന്റെ അച്ഛൻ മത്സ്യബന്ധനത്തിനായി കടലിൽ പോയി. പക്ഷേ അച്ഛൻ തിരികെ വന്നില്ല. അവസാനമായി ഒന്നു കാണുവാൻ പോലും ഞങ്ങൾക്ക് സാധിച്ചില്ല. എന്നാൽ എന്റെ അമ്മ വിട്ടുജോലിക്കു പോയി ഞങ്ങളെ പഠിപ്പിച്ചു. വീട്ടിലെ സാമ്പത്തികബുദ്ധിമുട്ടുകൾ കാരണം കൂടുതൽ പഠിക്കുവാൻ എന്നിക്ക് സാധിച്ചില്ല. ഞാൻ ഒരു ജോലിക്കായി ദിവസങ്ങളോളം നഗരങ്ങളിൽ അലഞ്ഞു.
ഒരു ദിവസം, ഞാൻ തിരികെ വീട്ടിൽ വന്നപ്പോൾ അവിടെയെല്ലാം ആളുകൾ നിറഞ്ഞിരുന്നു. എന്റെ വീട്ടിനകത്തുനിന്നും കൂട്ടനിലവിളികൾ ഞാൻ കേട്ടു. വീടിനുള്ളിൽ എന്റെ അമ്മയെ വെള്ളത്തുണി പുതച്ച് കിടത്തിയിരിക്കുന്നു. എന്റെ അനുജത്തിയുടെ നിലവിളി അവിടമാകെ തിങ്ങിനിറഞ്ഞു.

അമ്മയുടെ മരണത്തിനുശേഷം ഞങ്ങളുടെ വീടും സ്ഥലവും വിറ്റ് അനുജത്തിയെ മറ്റൊരു സ്കൂളിൽ

ചേർക്കുകയും ഹോസ്റ്റലിൽ നിർത്തി പഠിപ്പക്കുകയും
ചെയ്തു. പിന്നീട് ഞാൻ എവിടെയൊക്കെയോ അലഞ്ഞ് പലതരത്തിലുള്ള ജോലികൾ ചെയ്തു. രാത്രികാലങ്ങളിൽ ഏതെങ്കിലും കടവരാന്തകളിൽ അഭയം തേടി. അനുജത്തിയെ
കാണാൻ പോകുമ്പോൾ അവൾ ചോദിക്കും,"ചേട്ടന് എവിടെയിങ്കിലും ജോലി കിട്ടിയോ ? ചേട്ടൻ എവിടെയാണ് താമസിക്കുന്നത് ?" അവളിൽ നിന്നും രക്ഷപ്പെടാൻ ഞാൻ കളവ്
പറയും,''ജോലികിട്ടി. താമസം ഒരു വാടക വീട്ടിലാണ് ''.

അയാൾ പെട്ടന്ന് ചിന്തയിൽ നിന്ന്
ഉണർന്നു. നാളെയാണ് സ്കൂൾ പൂട്ടുന്നത് . രണ്ടു മാസത്തെ വേനലവധിക്ക് അവളും എന്നോടൊപ്പം ഉണ്ടാകും. എന്നാൽ എനിക്ക് സ്ഥിരമായി ഒരു ജോലിയോ വരുമാനമോ ഇല്ലാ.
നാളെ മുതൽ ഞാൻ എന്താണ് ചെയ്യുക ? സത്യങ്ങളറിയുമ്പോൾ
അവളുടെ കുഞ്ഞ് മനസ്സ് എത്രമാത്രം വേദനിക്കും ?
എനിക്ക് അറിയില്ല. ഒന്നുമാത്രമറിയാം -തന്റെ ഹൃദയവും കടലിലെ തിരമാലകളും അപ്പോഴും ആർത്തിരമ്പുന്നുണ്ടായിരുന്നു. നിലക്കാതെ...

രാധികാ.എം (10 C)

# കാലം

കുഞ്ഞായിരുന്നപ്പോൾ അമ്മയെന്നോട്ട
തള്ളമനംപോലെ പിള്ളമനം വന്നാൽ
കീഴോട്ടൊഴുകിയ ആറ് മേലോട്ടൊഴുകും
പിന്നെ പാഠങ്ങളിൽ പഠിച്ചു.ഭൂമി
ഉരുണ്ടതാണെന്ന് അമ്പിളിമാമൻ
പാൽക്കിണ്ണമല്ലെന്ന്. പിന്നീടറിഞ്ഞ്
മേലും കീഴുമൊന്നുമില്ല
പ്രവാഹങ്ങളും മേലോട്ടുണ്ടെന്ന്...
പൂവ് തേനൂട്ടുന്നത് നിസ്വാർത്ഥയായതുകൊണ്ടല്ലെന്ന്...
അമ്മയിൽ നിന്നറിയുന്ന അമ്മിഞ്ഞ
പ്പാൽപകുത്തു നല്കുന്നതിലും
ഇത്തിരി വേറുകുറ്റുണ്ടെന്ന്.
കുഞ്ഞുങ്ങളുടെ പാൽപ്പുഞ്ചിരി-
യിലും കുറുമ്പുണ്ടെന്ന്.
വഞ്ചനയുടെ ലാഞ്ചനകളാൽ അപശ്രുതി-
യിലുള്ള രാഗവും ഹൃദ്യമാണ്,
ഹൃദയത്തിൽ നിന്നാകുമ്പോൾ...
അപ്പോൾ ഏതാണ്  ശരി?

# ആകാശയാത്ര

മനുഷ്യനേക്കാൾ ശക്തിയേറിയ പ്രകൃതിയിലെ എല്ലാ കാര്യങ്ങളും പ്രാചീന കാലത്ത് അവർക്ക് ദൈവങ്ങളായിരുന്നു. സൂര്യനും,ചന്ദ്രനും,കാറ്റും മഴയും,തീയും,വെള്ളവും......എല്ലാം ഭാരതിയ പുരാണങ്ങളിലെന്നപോലെ ഗ്രീക്ക്,ഈജിപ്ഷ്യൻ, ബാബിലോണിയൻ,അറേബ്യൻ,ചൈനീസ് സംസ്കാരങ്ങളിലും അങ്ങനെതന്നെ. സൂര്യചന്ദ്രന്മാരെയും,നക്ഷത്രങ്ങളെയൊക്കെയും നിരീക്ഷിച്ചതും അവയുടെ സ്ഥാനമാറ്റങ്ങൾ മനസ്സിലാക്കൻ ശ്രമിച്ചതും ആചാരങ്ങളെബന്ധപ്പെട്ടുത്തിയാവാം. പക്ഷേ, അതിനെക്കാളേറേ പുരാതനകാലത്ത് ദിക്കറിയാനും സമയമറിയാനും പ്രധാനമായും ആശ്രയിച്ചിരുന്നത് സൂര്യ ചന്ദ്രന്മാരെയും നക്ഷത്രങ്ങളെയുമാണ്. നായാടിയും കാലിമേച്ചും നടന്നവർ ഒരിടത്ത് സ്ഥിരമായി താമസിച്ച് കൃഷിചെയ്യാൻ തുടങ്ങി. ഓരോ കൃഷിയുടെയും വിളവെടുപ്പ് എപ്പോൾ തുടങ്ങണം എന്നെല്ലാം മുൻകൂട്ടി ആലോചിച്ച് നടപ്പിലാക്കാൻ അവരെ സഹായിച്ചത് വാനനീരീക്ഷണത്തിൽ നിന്ന് ലഭിച്ച അറിവും ഋതുഭേദങ്ങളെക്കുറിച്ചുള്ള അറിവുമായിരുന്നു.

അകാശഗോളങ്ങളെക്കുറിച്ചുള്ള പഠനമാണ് ജ്യോതിശാസ്ത്രം. ഒരു ശാസ്ത്രമെന്ന നിലയിൽ അത് വികസിച്ചു തുടങ്ങിയത് ബി.സി 400 നും 300 നും ഇടയിലാണ്.പരന്നു കിടക്കുന്ന ഭൂമി നിശ്ചലമായി സ്ഥിതിചെയുന്നു. അതിനു ചുറ്റും സൂര്യനും നക്ഷത്രങ്ങളും ചലിച്ചുകൊണ്ടിരുന്നു. ഇതായിരുന്നു പണ്ടുകാലത്ത് എല്ലാവരും വിശ്വസിച്ചിരുന്നത് .ഭൂകേന്ദ്രസിദ്ധാന്തം [geocentric theory] ആണിത്.

ദേവിരാജ്.ആർ.എൽ (10 I)

## തുലാവർഷം

പെരുമഴ വന്നു തുലാമാസത്തിൽ
തുടരെപ്പെയ്തു തിമിർക്കുമ്പോൾ

വയലേലകളിലും കർഷകരോല
ക്കുടചൂടി കൃഷിയേറുന്നു.

അമൽ.എം.എസ് (9A)

## വെള്ളം കുടിക്കും

ചക്കരക്കുട്ടനും കൂട്ടുകാരനും
അക്കരെപ്പൊയ്കയിലും പോയി നീന്താൻ
കൂട്ടരെക്കിട്ടിയാലും കിട്ടിയാലും
കുട്ടിക്കൂട്ടരുടെ നോട്ടം കളിയിലാണ്.

അമൽ.എം.എസ് (9A)

## വായനയുടെ മാധുര്യം

പുസ്തകം പൂന്തോട്ടങ്ങളാണ് . അതിൽ വിരിയുന്ന മലരുകളാണ് അക്ഷരങ്ങൾ. വായനയെ സ്നേഹിക്കാനും അക്ഷരങ്ങളെ മനസ്സിൽ സൂക്ഷിക്കുവാനും നാം ഏവരും തയ്യാറാവണം. വായന മനസ്സിന്റെ ദുഃഖങ്ങൾ മാറ്റുന്ന ഒന്നാണ് .മനുഷ്യായുസ്സിൽ തിളങ്ങി നിൽക്കേണ്ട ഒരു വലിയ പ്രവർത്തനമാണ് വായന.

നമ്മുടെ എല്ലാ ദുഃഖങ്ങളും മറന്ന് വായനയിൽ മുഴുകുന്നത് അറിവിന്റെ അത്ഭുതലോകത്തേക്കാണ് നമ്മെ ക്ഷണിക്കുന്നത് .മധുരമുള്ള ഫലങ്ങളെപ്പോലെ നിറമാർന്ന പൂവുകളിൽ ഒളിച്ചിരിക്കുന്ന തേൻപോലെ മാധുര്യമുള്ളതാണ് വായന.കയ്പ്പാകുന്ന നൊമ്പരങ്ങളെ മായ്ച്ചുകളയുന്ന മാധുര്യമുള്ള ഒന്നാണ് വായന.

ഗോകുൽ.എസ് (9G)

# തീർത്ഥയാത്ര

നഗര ജീവിതത്തിന്റെ നഷ്ടപ്പെടലുകൾ-
ക്കൊടുവിൽ ഗ്രാമ വിശുദ്ധിയും നന്മയും,
വെറുതെയോർത്തുപോയ് ബാല്യകാലത്തിന്റെ
സ്മരണകൾ പിന്നെയും പൂക്കളം തീർക്കുന്നു.
ആനയുമമ്പാരികളുമാലവട്ടങ്ങളും
കൊടിയേറുന്നൊരുത്സവക്കേളീരവങ്ങളും,
ആമ്പൽക്കുളങ്ങളും അത്തച്ചമയത്തിനാ-
യൊത്തഴകാർന്ന ചെന്താമരകളും
കരയാമ്പലും കാട്ടുപ്പൂക്കളും തുമ്പയും,
കൈനന്നരിയും കണിക്കൊന്ന മുക്കുറ്റിയും
കവിതകൾ പൂത്തുനിന്നൊരു കാലമുണ്ട്,
അവിടെ ഞാനെന്നെ തിരഞ്ഞുപോകട്ടെ,
അവിടേയ്ക്കൊരു തീർത്ഥയാത്ര പോകട്ടെ!

-ജിൻസി ജോയൽ (9 I)

# വായനശാലയുടെ പ്രസക്തി

ആധുനികലോകത്തിന്റെ മുഖം ദിനംപ്രതി മാറികൊണ്ടിരിക്കുന്നു. പുതിയ അറിവുകളുടെ ലോകം ഓരോ ദിനവും അവതരിച്ചുകൊണ്ടിരിക്കുന്നു. ആ മാറുന്ന ലോകത്തിനനുസരിച്ച് മനുഷ്യമസ്തിഷകവും പരിവർത്തനപ്പെടേണ്ടതുണ്ട്. മനുഷ്യന്റെ വിജ്ഞാനദാഹത്തെ തൃപ്തിപ്പെടുത്തുവാനുള്ള സാഹചര്യങ്ങൾ എപ്പോഴും ഉണ്ടാകേണ്ടതുണ്ട്. ഇവിടെയാണ് വായനശാലയുടെ പ്രസക്തി.

മനുഷ്യനെ സംസ്കാരസമ്പന്നരാക്കുന്നതിൽ പുസ്തകങ്ങളുടെ പങ്ക് അതുല്യമാണ് .

"വിദ്യാധനം സർവ്വധനാൽ പ്രധാനം
കൊണ്ടുപോകില്ലാ ചോരന്മാർ
കൊടുക്കും തോറുമേറിടും
വിദ്യതന്നെ മഹാധനം"

എന്നിങ്ങനെ വിദ്യയുടെ മഹത്വം വിളിച്ചുപറയുന്ന അസംഖ്യം നിർവചനങ്ങളുണ്ട്. ഈ വിദ്യ മനുഷ്യന് ഫലപ്രദമായി പകർന്നു തരുന്ന ആലയങ്ങളാണ് വായനശാലകൾ.

ആദ്യകാലങ്ങളിൽ താളിയോലകളിലാണ് മനുഷ്യൻ അവന്റെ അറിവുകൾ ഭാവിതലമുറയ്ക്കായി പകർത്തിവച്ചിരുന്നത്. ഇവ ഇന്നും പല വായനശാലകലിളിലും അമൂല്യ നിധികളായി സൂക്ഷിച്ചുവച്ചിരിക്കുന്നു.

മനുഷ്യനെ സംസ്കാരസമ്പന്നരാക്കുന്നതിൽ പുസ്തകങ്ങൾക്ക് വലിയൊരളവിൽ സ്വാധീനമുണ്ട്. നമുക്ക് ഏറ്റവും അടുത്ത സുഹൃത്തുകളായി കരുതാവുന്നത് പുസ്തകങ്ങളെയാണ്.

കുട്ടിക്കാലം മുതൽ വളർത്തിയെടുക്കേണ്ട ഗുണമാണ് വായനാശീലം .ഓരോ കുട്ടിയും അവനെ സ്വാധീനിച്ചിട്ടുള്ള ഒരു വ്യക്തിയെ തെരഞ്ഞെടുത് അവരെപ്പോലെയാകാനും പുസ്തകങ്ങൾ കുട്ടികളെ സഹായിക്കുന്നു. സ്നേഹവും ദയയും പോലുള്ള സത്ഗുണങ്ങൾ ബാലമനസ്സിൽ പതിപ്പിക്കുവാനും പുസ്തകങ്ങൾക്ക് കഴിയുന്നു.

സാങ്കേതികവിദ്യയുടെ അത്ഭുത വളർച്ച അനുഭവിച്ചുകൊണ്ടിരിക്കുന്ന തലമുറയാണ് നമ്മൾ. ഇന്നത്തെ വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളോടുള്ള താല്പര്യം നാൾക്കുനാൾ കുറഞ്ഞുവരുന്നു.നല്ല പുസ്തകങ്ങളുടെ സൂക്ഷിപ്പുകാരായി വായനശാലകളെ നാം എന്തുവിലകൊടുത്തും സംരക്ഷിക്കേണ്ടതാണ്.

- ബ്ലസ്സി.എസ് (10 I)

# മഴ

കാർമേഘങ്ങൾ വിങ്ങിപ്പൊട്ടിയിതാ
പാലതൻ പൂക്കളിൽ പെയ്തിറങ്ങി.....
മനസ്സിൽകുളിർമയായ് എത്തും മഴ
പേമാരിയായിതാ മാറിടുന്നു.
മുത്തുപോൽപൊഴിയുന്ന
നിൻകണ്ണനീർ തുള്ളികൾ
ഒരു പുഴയായ്, കടലായി മാറിത്തുടങ്ങി
തിളങ്ങുന്ന വെള്ളിപോൽ പൊഴിയുന്ന
നിൻ മണി മുത്തുകൾ
വജ്ജ്രമായ് തോന്നുന്നെൻ മനസ്സിൽ
കുളിർമയായ് നീയെത്തുമ്പോൾ എൻ മനവും
ചാഞ്ചാടിയാടുന്നു നിന്റെ മുൻപിൽ
ആകാശത്തു നിറഞ്ഞു പൊഴിഞ്ഞ്
ഇലകളിൽ തട്ടി ചിന്നിച്ചിതറി
നീയിതാ വീഴുന്നെൻ കളിത്തോപ്പിൽ
ഒരു കളിവള്ളമായെൻ മനവും
നീന്തിത്തുടിക്കുന്നു നിന്നിലെപ്പോഴും

രാഖിമോൾ വി. (10 C)

# വാസരസ്വപ്നമായി

നിനക്കായി മാത്രമെൻ പ്രിയഗീതം മൂളാം
അരികിലിന്നണയൂ... അനുരാഗമേ
ഒരു മൃദു സ്പർശനം വാസന്തമായി
എൻ ഹൃദയത്തിൻ തന്ത്രികളിൽ
അരളികൾ പൂക്കുന്ന യാമങ്ങളിൽ
അകതാരിലുന്മാദമൊഴുകീടുന്നു.
ഓരോയിതളിലും നിൻമുഖം തെളിയേ
താളവും ശ്രുതിയും ഇണചേരും
കാച്ചെണ്ണ തഴുകിയ കാർകുന്തലിൽ
മയങ്ങിയുറങ്ങും തുളസിപ്പൂവേ
വാസര സ്വപ്നമായി നീ വിരിയേ,
മിഴികളിൽ ശാലീനമൊഴുകി വരും.

-ആമോസ് ബൈജു (9J)

# വായനയെങ്ങനെ ???

വായിക്കാൻ വേണ്ടി മാത്രമുള്ള വായനയല്ല വേണ്ടത്. അറിയാൻ വേണ്ടിയുള്ളതാവണം വായന. വായിക്കുമ്പോൾ മനസ്സിനെ ഏകാഗ്രമാക്കി വിഷയത്തിൽ ശ്രദ്ധകേന്ദ്രീകരിക്കണം.വെറുതെ വായിച്ചു പോകാതെ വിഷയങ്ങളെ മനസ്സിൽ സൂക്ഷിക്കാൻ ശ്രമിക്കണം.

സർഗസൃഷ്ടികൾ നമ്മെ മറ്റൊരു ലോകത്തുതന്നെ എത്തിക്കുന്നു. വായനാനുഭൂതി എന്നിതിനെ വിളിക്കാം. ആശയപരവും സൃഷ്ടിപരവുമായ ചിന്തകൾ നമ്മിലേക്ക് സംവേദനം ചെയ്യപ്പെടുന്ന രചനകൾ വലിയൊരു ലോകവീക്ഷണം നമ്മിൽ സൃഷ്ടിച്ചേക്കാം. ഏതൊരു സൃഷ്ടിയെയും നല്ല നിലയിൽ സ്വാംശീകരിക്കാൻ മനസ്സിരുത്തിയുള്ള വായന തന്നെ വേണം.

കൃഷ്ണപ്രിയ (9G)

# നൂതന തലമുറയിൽ വായനയുടെ പ്രസക്തി

അനുഭവിച്ചറിയാൻ കഴിയുന്നതിനെക്കാൾ വായിച്ചറിയുവാൻ കഴിയുമെങ്കിലും കുറുക്കുവഴികൾ തേടുന്ന നൂതന തലമുറകൾക്ക് വായനയുടെ പ്രശസ്തി എന്തന്നറിയില്ല. അറിവിനായി മൊബൈയിൽ ഫോണും മറ്റ് സൗകര്യങ്ങളുമുള്ളതിനാൽ ആരും പുസ്തകം മറിച്ചു നോക്കാൻ തയ്യാറല്ല. കുറുക്കുവഴികൾ കിട്ടിയാൽ ആരും നേർവഴികൾ ഉപയോഗിക്കില്ലല്ലോ. കുറുക്കുവഴികൾ തിരഞ്ഞെടുക്കുന്നതിന്റെ വീർപ്പുമുട്ടലിൽ നാം എല്ലാം മറക്കുന്നു. വായനയെയും അത് ഒരു പക്ഷേ നമ്മെ തെറ്റിന്റെ പാതയിലേക്ക് നയിച്ചെന്നും വരും.വായന നമ്മുടെ ജീവിതത്തിന്റെ വെളിച്ചമാണ്. അത് ഒരിക്കലും നാം നഷ്ടപ്പെടുത്തരുത് .നല്ല സ്വഭാവമുള്ളൊരു വ്യക്തിയായി സ്വയം മാറാൻ നമ്മുക്ക് വായനയിലൂടെ സാധിക്കും.

ഗംഗ പി.വി. (9G)

# എന്റെ വിദ്യാലയം

അക്ഷരമുത്തുകൾ കോർത്തൊരീ പാതയിൽ
ഇത്തിരി ദീപ്തി പകർന്നു നൽകാൻ  അറിവിന്റെ
വാതായനങ്ങൾ തുറന്നേകി
 നന്മയും ശാന്തിയും കരുണയും പകർ-
ന്നൊരെന്റെ വിദ്യാലയം......

ജാതി - മത – വർണ്ണ ശലഭങ്ങളായി
ഞങ്ങൾ ചുറ്റും പാറികളിക്കുന്ന തിരുമുറ്റത്തിൽ
നന്മയും ശാന്തിയും കരുണയും പകർ-
ന്നൊരെന്റെ വിദ്യാലയം......

നന്ദന യു. (9 J)

# ഗ്രന്ഥാലയം മഹർഷി

അക്ഷരത്തിന്റെയും വായനയുടെയും ലോകത്തേക്ക് മലയാളിയെ കൈപിടിച്ചു നടത്തിയവരിൽ ഒരാളാണ് പി.എൻ.പണിക്കർ. 'പുസ്തകത്തിന്റെ മഹത്വം ജനങ്ങൾ അറിയണം. പുസ്തകത്തിന് സമൂഹത്തിലുള്ള സ്വാധീനശക്തിയെപ്പറ്റി ജനങ്ങൾ ബോധവാന്മാരാകണം. ഒരു പുതിയ സംസ്കാരം വാർത്തെടുക്കുന്നതിൽ പുസ്തകങ്ങൾക്ക് നിർണ്ണായക സ്വാധീനമുണ്ടെന്നബോധം ജനഹൃദയങ്ങളിൽ ആഴത്തിൽ പതിയണം' എന്നദ്ദേഹം ആഗ്രഹിച്ചു.
ഗ്രന്ഥശാലാ പ്രവർത്തകനും എഴുത്തുകാരനുമായ പ്രൊഫ. കുറ്റിപ്പുഴ കൃഷ്ണപ്പിള്ള, പി.എൻ.പണിക്കരെ 'ഗ്രന്ഥാലയം മഹർഷി' എന്ന് വിശേഷിപ്പിച്ചു. ഗ്രന്ഥശാലാ പ്രസ്ഥാനത്തെ ഒരു ബഹുജന പ്രസ്ഥാനമാക്കി വർത്തിയ മഹാനാണ് പി.എൻ.പണിക്കർ.

കൃഷ്ണപ്രിയ.എസ്. (9G)

# അമ്മയുടെ മടിത്തട്ടിൽ

വീഴുവാൻ ഭാവിച്ച് നിൽക്കുന്ന പുഷ്പമേ
ഇന്നു നീ എങ്ങോട്ട് പോകുന്നു
നിന്റെ കുട്ടുകാരെ നീ പിരിയുന്നോ.....
കാറ്റാണ് മഴയാണ് വെയിലാണ് നിന്റെ ചങ്ങാതി
പക്ഷേ ഭൂമിയുടെ മടിത്തട്ടിൽ ആരാണ് നിനക്കുള്ളത് .

അനുപമ ആർ നായർ (10 I)

## പഴഞ്ചൊല്ലുകൾ

*അങ്ങാടിയിൽ തോറ്റതിനമ്മയോട്.

*അടിതെറ്റിയാൽ ആനയും വീഴും.

*അരിയെറിഞ്ഞാൽ ആയിരം കാക്ക.

*ആനകൊടുത്താലും ആശകൊടുക്കരുത്.

*വടി കൊടുത്ത് അടി വാങ്ങുന്ന വിദ്യ.

*വീടു മറന്നാലും മൂട് മറക്കരുത്.

*വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

*മടിയൻ മല ചുമക്കും.

*മിണ്ടാ പൂച്ച കലമുടയ്ക്കും.

*മുറ്റത്തെ മുല്ലയ്ക്ക് മണമില്ല.

# മൃതിയടയുന്ന ഭൂമി

മരിക്കുന്ന ഭൂമിയെ നോക്കി  ഞാൻ
നിൽക്കുന്നു.
എൻ മിഴകളിൽ നിന്ന് കണ്ണുനീർ
പൊഴിയുന്നു.
ഞാൻ  മൂകാനുരാഗമായി ചൊല്ലി
എത്ര നാൾ നിനക്കിനി ആയുസ്സ്
ശാസ്ത്രവും രാഷ്ട്രവും ഭൂമിക്ക-
നൽകിയ ക്ഷതങ്ങളെ നോക്കി-
ഞാൻ വിതുമ്പുന്നു.
ആ ക്ഷതങ്ങളിൽ നിന്ന് ചോര
പൊഴിയുന്നു.
എങ്ങും നിലവിളികൾ ഉയരുന്നു.
ഭൂമിദേവിതൻ തേങ്ങൽ
എൻ കാതിൽ പതിച്ചു .
മൃതിയടയുന്ന ഭൂമി നിൻ അന്ത്യനാളു -
കളിൽ നിന്നോടൊപ്പം മൃതിയടയുവാൻ
ഞാൻ ആശിച്ചുപോകുന്നു.

അമ്പിളി .പി  (9 I)

# വിദ്യാലയമേ.... പ്രണാമം

വിരിഞ്ഞുവന്ന താരിലും
വിടർന്ന താരകത്തിലും
വിളങ്ങിടും പ്രഭാതമേ
വിളക്കുവയ്ക്ക ഞങ്ങളിൽ

വിളക്കിലെ തിരിനാളമായ്
വിടർന്നുവന്ന മൊട്ടുപോൽ
വിരുന്നുവന്നു ഞങ്ങളിൽ
വിദ്യയെന്ന ദേവത

വിന്ധ്യസഹ്യപർവ്വതം പോൽ
വിളങ്ങിടും വിദ്യാലയം
വീണ്ടുമണ്ണിലായിരം
വിദ്യയെന്ന മുത്തുകൾ
വിണ്ണിലും കാരുണ്യമായി
വിളങ്ങിടുന്ന തെന്നൽപോൽ
വിരുന്നുവന്നു ഞങ്ങളിൽ
വിദ്യയെന്ന ദേവത

ജിൻസി ജോയൽ ഡി.എസ് (9 I)

# നന്ദി